# ചിൽഡ്രൻസ് ലിറ്റിൽ കിംഗ്ഡം

A CHRISTIAN MAGAZINE FOR CHILDREN

Vol: 6 | Issue: 65 | August 2016

## എസ്.ബി.എസ് ജനറൽ ക്യാമ്പ്

2016 സെപ്റ്റംബർ 12 – 16

- സി. ജെ നൈറ്റ്
- ഫാമിലി ഫോക്കസ്
- മീറ്റ് ദി പ്രൊഫഷണൽസ്
- മിഷൻ നൈറ്റ്





SBS
SBS SPECIAL CAMP
SBS CAMP CENTRE, PUTHENCAVU
LEAD A SUCCESSFUL CHRISTIAN LIFE












CHILDREN'S
LITTLE KINGDOM
A CHRISTIAN MAGAZINE FOR CHILDREN
Vol: 6 Issue:65 August 2016

SBS Camp Centre, Puthenkavu P.O
Chengannur, Alappuzha (Dt), kerala
E-mail: sbskochi@gmail.com
Web: www.SBSindia.org

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
**Johnson Madappally**
Madappallil (H), Aasanpady,
Kizhakkambalam P.O, Ernakulam (Dt)
Mob: **09895727190**

ഇന്ത്യയിൽ **150** രൂപ
ഇന്ത്യയ്ക്ക് വെളിയിൽ **1500** രൂപ

കഥകൾ, ചിത്രങ്ങൾ, കവിതകൾ, കത്തുകൾ
തുടങ്ങി ലിറ്റിൽ കിംഗ്ഡത്തിലേയ്ക്കുള്ള
രചനകൾ അയയ്ക്കേണ്ട വിലാസം
**Jijo C. George** (Editor in Charge)
Chakaravelil House, Mulanthuruthy P.O
Paininkalpara, Ernakulam (Dt) Pin 682 314
Mob: **09961499479**, E-mail:evgjijo@gmail.com



Chief Editor:
**Dr. Johnson C Philip**, Kochi

Editorial Team:
**Abraham Thomas**, Kochi
**Reji K. Thomas**, Nellyadi
**Godson Valayil**
**Dharmaraj**, Mavelikkara
**Sibi Viswanathan**, Martandam

Managing Editor:
**Binu Samuel**, Pathanamthitta

Residential Editor:
**Jijo C. George**, Mulanthuruthy

Circulation Manager :
**Johnson Madappally**

Publisher:
**Alex Thomas**
SBS Camp Centre,
Puthencavu P.O, Chengannur,
Alappuzha (dt)


എഡിറ്റോറിയൽ

## മറവിയിലൂടെ
# നഷ്ടപ്പെടുന്ന ബാല്യങ്ങൾ

മാതാപിതാക്കളുടെ അശ്രദ്ധ കൊണ്ടോ, മറവി കൊണ്ടോ എത്രയോ കുട്ടികളുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. ഒരു നിമിഷത്തേക്ക് നോട്ടം തെറ്റുമ്പോൾ അപകടത്തിലേക്ക് പതിക്കുന്ന കുട്ടികൾ. അംഗൻവാടിയിലെ ആദ്യദിനത്തിൽ തന്നെ അല്പമൊരു നോട്ടപ്പിശകിൽ ജീവൻ പൊലിഞ്ഞു പോയ കുരുന്നിന്റെ ഓർമ്മ നമ്മുടെ മനസ്സിലുണ്ട്. കുളിപ്പിക്കാൻ കുട്ടികളെ ബക്കറ്റിനടുത്തിരുത്തി സോപ്പെടുക്കാൻ അകത്തേക്കു കയറി തിരിച്ചിറങ്ങി വരുമ്പോഴേക്കും ബക്കറ്റിനുള്ളിൽ തലകുത്തി വീണ് ജീവൻ നഷ്ടപ്പെട്ട എത്രയെത്ര സംഭവങ്ങൾ. ഈ അടുത്ത സമയത്ത് കൊച്ചിയിൽ നടന്നത് കുട്ടിയെ കാറിനുള്ളിൽ ഇട്ടു പൂട്ടി പോയ വല്യപ്പച്ചൻ. പോലീസും ഫയർ ഫോഴ്സും സന്ദർഭോചിതമായി ഇടപെട്ടതുകൊണ്ട് കാറിന്റെ ചില്ലു പൊളിച്ച് കുട്ടിയെ പുറത്തെടുത്തു. അല്പം കൂടി താമസിച്ചിരുന്നെങ്കിൽ ഒരു ജീവൻ കൂടി പൊലിയുമായിരുന്നു. പിൻ സീറ്റിൽ കുട്ടി ഉണ്ടെന്ന കാര്യം മറന്നു പോയെന്നാണ് അദ്ദേഹം ഉദ്യോഗസ്ഥരോട് പറഞ്ഞത്. ഹോ! മറവി വരുത്തി വയ്ക്കുന്ന അപകടം എത്ര വലുതാണ്. 'മറവി അനുഗ്രഹമാണ്' എന്ന് പറഞ്ഞു കേൾക്കാറുണ്ട്. എന്നാൽ എല്ലാ മറവിയും അനുഗ്രഹമാണോ? മറക്കുവാൻ ആവശ്യപ്പെടുന്ന കാര്യങ്ങൾ നാം മറക്കാറില്ല. അസുഖത്തിന് മരുന്ന് കൊടുത്ത വൈദ്യര് പറഞ്ഞു, അതിരാവിലെ എഴുന്നേറ്റ് നന്നായി കുളിച്ച് പ്രാർത്ഥനയോടു കൂടി കുരങ്ങിനെ ഓർക്കാതെ മരുന്ന് കഴിക്കണം. ഇത് തെറ്റിച്ചാൽ മരുന്ന് ഫലിക്കില്ല. ഇദ്ദേഹം അതിരാവിലെ എഴുന്നേല്ക്കും, കുളിക്കും, പ്രാർത്ഥിക്കും എന്നാൽ മരുന്ന് കൈയ്യിലെടുത്താൽ ആദ്യം ഓർമ്മവരിക കുരങ്ങാണ്. തന്റെ ജീവകാലത്ത് മരുന്ന് കഴിക്കാൻ കഴിഞ്ഞില്ല. മറക്കേണ്ടതിനെ നാം മറക്കാറില്ല. എന്നാൽ അത്യാവശ്യമായി ഓർമ്മിക്കേണ്ട കാര്യങ്ങൾ നാം മറന്നു പോകുന്നു.

കുട്ടികൾ വളരെ വിലപ്പെട്ടതാണ്. അവർ ദൈവത്തിന്റെ ദാനമാണ്. അവരെ വളർത്തുവാൻ ദൈവം നമ്മുടെ കൈകളിൽ തരുന്നു. നമ്മുടെ അനാസ്ഥ കൊണ്ടോ, മറവി കൊണ്ടോ അവർ നഷ്ടപ്പെട്ടു കൂടാ. അവരുടെ ജീവൻ മാത്രമല്ല അവരുടെ ആത്മാവും ദൈവത്തിന് വിലയേറിയതാണ്. ബൈബിൾ പറയുന്നു, ഈ ചെറിയവരിൽ ഒരുത്തൻ നഷ്ടപ്പെട്ടു പോകുന്നത് സ്വർഗ്ഗത്തിലെ പിതാവായ ദൈവത്തിന് ഇഷ്ടമില്ല. അതുകൊണ്ട് കുട്ടികളുടെ ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ ആവശ്യമുണ്ട്.

കൂട്ടുകാരേ, നിങ്ങളുടെ സ്കൂൾ ജീവിതം നന്നായി പോകുന്നുണ്ടല്ലോ. നാം ശ്രദ്ധിച്ചാൽ പല അപകടങ്ങളിൽ നിന്നും നമുക്ക് രക്ഷപ്പെടാൻ സാധിക്കും. ദൈവിക സംരക്ഷണം നമുക്ക് എല്ലാവർക്കും ആവശ്യമാണ്. നിങ്ങളുടെ സ്കൂൾ യാത്രയിൽ എല്ലാ അപകടങ്ങളിൽ നിന്നും സർവ്വശക്തനായ ദൈവം നിങ്ങളെ കാത്തു സൂക്ഷിക്കട്ടെ. ഓണ അവധിക്കാലത്ത് എസ്.ബി.എസ് ഒരുക്കുന്ന ജനറൽ ക്യാമ്പിനായി തയ്യാറായിക്കൊൾക.

ആശംസകളോടെ

**ബിനു അങ്കിൾ**

# നിർദ്ദേശം മാത്രം പോരാ നിർബ്ബന്ധം കൂടി വേണം

ബിനു സാമുവേൽ, ചാന്തുകാവ്



എന്റെ മക്കൾ നന്നാകരുത് എന്ന് ആഗ്രഹിക്കുന്ന ഏതെങ്കിലും മാതാപിതാക്കളുണ്ടോ? 'ഞാൻ നന്നായില്ലെങ്കിലും വേണ്ടില്ല എന്റെ മക്കൾ നന്നാവണം' എന്ന് ആഗ്രഹിക്കുന്നവരെയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മദ്യപിക്കുന്ന പിതാവ് ഒരിക്കലും തന്റെ മകൻ മദ്യപാനി ആകണം എന്ന് ആഗ്രഹിക്കുന്നില്ല. പുകവലിക്കുന്ന പിതാവ് തന്റെ മകനും പുക മുകളിലേക്ക് ഊതിപ്പറപ്പിക്കട്ടെ എന്ന് ചിന്തിക്കാറില്ല. പലരും പറയാറുള്ളത്, " നിങ്ങൾ എന്നെ നോക്കണ്ടാ."പകലന്തിയോളം കഠിനദ്ധ്വാനം ചെയ്യുന്ന ഒരു പിതാവിന്റെ നിലവിളി കേൾക്കാനിടയായി, "മക്കളുടെ നന്മയ്ക്കു വേണ്ടിയല്ലയോ ഞാൻ കഷ്ടപ്പെടുന്നത്. മക്കൾ നന്നാവട്ടെ എന്നു കരുതി ചോദിക്കുന്നതെന്തും വാങ്ങി കൊടുക്കുന്നവരും ഉണ്ട്. ഒരിക്കൽ ഒരു പിതാവ് പറഞ്ഞത് എല്ലാ ദിവസവും ഞാൻ അവനെ പിടിച്ചിരുത്തി വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുമായിരുന്നു. എന്നിട്ടും അവൻ തെറ്റിപ്പോയി. നിർദ്ദേശങ്ങൾ മക്കൾക്ക് നൽകുന്നവരാണ് മിക്ക മാതാപിതാക്കളും. ബൈബിളിൽ ഏലി എന്ന പുരോഹിതനെക്കുറിച്ചും അദ്ദേഹത്തിന്റെ മക്കളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. മക്കൾ ചെയ്യുന്ന തെറ്റായ കാര്യങ്ങളെക്കുറിച്ച് ഏലിക്ക് അറിവ് കിട്ടി. എന്നാൽ ദൈവം പറയുന്നത്, "അവന്റെ പുത്രൻമാർ ദൈവദൂഷണം പറയുന്ന അകൃത്യം അവൻ അറിഞ്ഞിട്ടും അവരെ ശാസിച്ചമർത്തായ്കകൊണ്ട് ഞാൻ അവന്റെ ഭവനത്തിന് എന്നേക്കും ശിക്ഷവിധിക്കും എന്ന് ഞാൻ അവനോട് കല്പിച്ചിരിക്കുന്നു."(1 ശമുവേൽ 3:13) ഏലി മക്കളെ ശാസിച്ചു എന്നാൽ ദൈവം പറയുന്നു അവൻ അവരെ അമർത്തിയില്ല. നിർബ്ബന്ധിച്ചില്ല. ശാസന കൊണ്ട് മാത്രം മക്കൾ നന്നാകണം എന്നില്ല. നിർബ്ബന്ധം കൂടി ആവശ്യമായിരിക്കുന്നു. ഒരിക്കൽ ഒരു രാജാവ് തന്റെ രാജ്യത്തെ പ്രജകളുടെ ക്ഷേമം അന്വേഷിക്കാനായി ആഴ്ചയിൽ ഒരിക്കൽ അവർ താമസിക്കുന്ന സ്ഥലത്തു കൂടി യാത്ര ചെയ്യുമായിരുന്നു. വീഥികളും പരിസരങ്ങളും ജനങ്ങൾ മലിനപ്പെടുത്തിയിട്ടിരിക്കുന്നത് കണ്ട് എങ്ങനെയെങ്കിലും അവരെ ബോധവൽക്കരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. അതുകൊണ്ട് രാജാവ് തന്റെ ഉപദേശകരെ ജനത്തിന്റെ മദ്ധ്യത്തിലേക്ക് അയച്ചു. അവർ ചെയ്യുന്നത് ശരിയല്ലെന്നും, ഇങ്ങനെ മാലിന്യങ്ങൾ വലിച്ചെറിഞ്ഞാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് അവർ ജനങ്ങൾക്ക് ഉപദേശം നൽകി. അടുത്ത ആഴ്ചയിൽ രാജാവ് നാട് ചുറ്റാൻ ഇറങ്ങി. പക്ഷെ എങ്ങും ഒരു വ്യത്യാസം കണ്ടില്ല. രാജാവ് വിചാരിച്ചു ഉപദേശകൻമാർ പറഞ്ഞത് ജനങ്ങൾക്ക് മനസ്സിലായില്ലായിരിക്കും. രാജാവ് എല്ലാ വീടുകളിലേക്കും ഓരോ നാണയം കൊടുത്തു വിട്ടിട്ട് അവരവരുടെ വീടിന്റെ പരിസരം വൃത്തിയാക്കണം




## ഓർമക്കുറിപ്പുകൾ

**2003 ൽ എസ്. ബി. എസ് പ്രസിദ്ധീകരിച്ച പൈതൽ എന്ന സ്മരണികയിൽ നിന്ന് ശേഖരിച്ച ഓർമക്കുറിപ്പുകളാണ് ഈ പംക്തിയിൽ ചേർത്തിരിക്കുന്നത്.**

SBS
എസ്.ബി.എസ്
ജനറൽ ക്യാമ്പ് 2016

### എം. റ്റി ജോർജ്ജ്, കോന്നി

(മുൻ സെക്രട്ടറി, സുവിശേഷാലയം, പത്തനംതിട്ട)

നിരവധി തിമൊഥെയോസുമാരേയും തീത്തോസുമാരേയും സഭയുടെ കെട്ടുപണിക്കായി വളർത്തിയെടുക്കുവാൻ ബാലസംഘം വഹിച്ച പങ്ക് ശ്ലാഘനീയം തന്നെ. ലോകത്തിന്റെ എല്ലാ കോണുകളിലും ബാലസംഘാംഗങ്ങളും പ്രവർത്തകരും അനുഗ്രഹീതമായ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി വരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

തിരുവെഴുത്തുകളെ മാത്രം ആധാരമാക്കി ശരിയായ ദിശയിൽത്തന്നെ ചലിക്കുവാൻ സർവ്വശക്തൻ തുടർന്നും ഈ ശുശ്രൂഷയെ ഉപയോഗിക്കട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

### എബ്രഹാം ജേക്കബ്, പാണ്ടനാട്

മുൻ ജനറൽ സെക്രട്ടറി, എസ്. ബി. എസ്

സുവിശേഷകൻ ബാലസംഘത്തിന്റെ ഒന്നാമത്തെ ക്യാമ്പ് കല്ലിശ്ശേരിയിൽ വെച്ച് നടക്കുവാൻ ഇടയായി. ആ ക്യാമ്പിൽ ഒരു അംഗം എന്ന നിലയിൽ ആദ്യമായി പങ്കെടുക്കുവാൻ എനിക്കും സാധിച്ചു. പാണ്ടനാട്ടിൽ ആ നാളുകളിൽ ഒരു ശാഖ രൂപം കൊണ്ടു പ്രവർത്തനങ്ങൾ ആരംഭിച്ചു.

സുവിശേഷകൻ ബാലസംഘത്തിന്റെ നാലാമത്തെ ജനറൽ സെക്രട്ടറിയായി അഞ്ചുവർഷക്കാലം പ്രവർത്തിക്കുവാൻ എനിക്കു സാധിച്ചു. ഞാൻ ജനറൽ സെക്രട്ടറിയായിരുന്ന കാലത്ത് നാല് ജനറൽ ക്യാമ്പുകൾ നടന്നു. കല്ലിശ്ശേരി, കുറിയന്നൂർ, മാങ്ങാനം, എണ്ണയ്ക്കാട്, എന്നീ സ്ഥലങ്ങളിലാണ് ക്യാമ്പുകൾ നടന്നത്.

ചെറിയാൻ സാറിനോടും ജ്യേഷ്ഠൻ പി.കെ മാത്യൂസിനോടും ചേർന്ന് പ്രവർത്തിക്കുവാൻ സാധിച്ചത് ജീവിതത്തിൽ മറക്കുവാൻ കഴിയാത്ത ദിവസങ്ങളാണ്.

ജീവിതത്തിൽ എന്തെങ്കിലും ആത്മീകമായി നേടുവാൻ സാധിച്ചത് ജനറൽ സെക്രട്ടറിയായിരുന്ന കാലത്ത് മാത്രമാണ്. ഇന്നു കാണുന്നതുപോലെ വിപുലമായ രീതിയിൽ ബാലസംഘത്തെ ഉയർത്തി. കേരളത്തിലും, ഇന്ത്യയിലും അനേകശാഖകൾ രൂപീകരിക്കുവാൻ പ്രവർത്തിച്ച പ്രവർത്തകരെ അനുമോദിക്കുന്നു കൂടാതെ ബാലസംഘത്തിന് ഒരു ക്യാമ്പ് സെന്റർ ഉണ്ടാക്കുവാൻ പരിശ്രമിച്ച വ്യക്തികളേയും അനുമോദിക്കുന്നു.

എന്ന് അറിയിച്ചു. എന്നാൽ വീണ്ടും സവാരിക്കിറങ്ങിയ രാജാവ് കണ്ടത് കൂടുതൽ മാലിന്യങ്ങളാണ്. ആളുകൾ കിട്ടിയ പണം കൊണ്ട് ആഹാര സാധനങ്ങൾ വാങ്ങി ഭക്ഷിച്ചതിന് ശേഷം ബാക്കി വന്നത് തെരുവിലേക്ക് വലിച്ചെറിഞ്ഞിരിക്കുന്നു. ജനങ്ങൾ ഒരു പക്ഷെ പറയുന്ന കാര്യങ്ങൾ മറന്നു പോകുന്നതായിരിക്കാം. അതുകൊണ്ട് അവരെ ഓർമ്മപ്പെടുത്തുന്നതിന് ഒരു ലഡ്ഡു വീതം എല്ലാ ദിവസവും ഓരോ വീട്ടിലേക്ക് കൊടുത്തയച്ചു. ഈ പ്രാവശ്യം ജനങ്ങൾ പരിസരം വൃത്തിയാക്കി കാണുമെന്ന് രാജാവ് ചിന്തിച്ചു. എന്നാൽ സംഭവിച്ചത് നേരെ വിപരീതമാണ്. ഈ പ്രാവശ്യം ലഡ്ഡുവിന്റെ കഷണങ്ങൾ കൂടി തെരുവിൽ കിടന്നിരുന്നു. ഇനി എന്താ ചെയ്ക? രാജാവ് തന്റെ മന്ത്രിയെ വിളിച്ചു വിവരങ്ങൾ അറിയിച്ചു. മന്ത്രി പറഞ്ഞു രാജാവേ, ഞാനൊന്ന് ശ്രമിക്കട്ടെ. മന്ത്രി എല്ലാ സ്ഥലങ്ങളിലേക്കും രാജ ഭടൻമാരെ അയച്ചു. രാജാവിന്റെ കല്പന വായിച്ച് കേൾപ്പിച്ചു. "ആരുടെയെങ്കിലും വീടിന്റെ പരിസരത്തോ വീഥിയിലോ മാലിന്യങ്ങൾ കണ്ടാൽ ആ വീട്ടിലുള്ളവർക്ക് നൂറ് നാണയം പിഴയും ചാട്ടവാറുകൊണ്ട് നൂറ് അടിയും നൽകുന്നതാണ്." അടുത്ത പ്രാവശ്യം യാത്രയ്ക്കിറങ്ങിയ രാജാവ് അത്ഭുതപ്പെട്ടു പോയി. വീഥികളിലും പരിസരങ്ങളിലും മാലിന്യമില്ല എന്നു മാത്രമല്ല ഏറ്റവും മനോഹരമായി സൂക്ഷിച്ചിരിക്കുന്നു. രാജാവ് മന്ത്രിയോട് ചോദിച്ചു, ഇതെങ്ങനെ സാധിച്ച് എടുത്തു? എന്ത് സമ്മാനമാണ് ജനങ്ങൾക്ക് നൽകിയത്? മന്ത്രി മറുപടി നൽകി, "രാജാവേ നിർദ്ദേശം മാത്രം പോരാ നിർബ്ബന്ധം" കൂടി നൽകിയപ്പോൾ കാര്യങ്ങൾ ക്രമ

പ്പെട്ടു. നിർബ്ബന്ധം ഇല്ലാതെ വരുമ്പോഴാണ് കുട്ടികൾ അവരവരുടെ വഴിക്ക് തിരിയുന്നത്. നിർദ്ദേശങ്ങൾ മാത്രമായാൽ.........

## അവണിക്കാൻ സാദ്ധ്യതയുണ്ട്

എത്ര നല്ല ഉപദേശങ്ങളാണ് മക്കൾക്ക് നൽകുന്നത്. പല മാതാപിതാക്കൻമാരും കണ്ണിനീരോടു കൂടെ മക്കളെ ഉപദേശിക്കാറുണ്ട്. എന്നാൽ കൂട്ടുകാരുടെ സമ്മർദ്ദത്തിന് വഴങ്ങിയോ, മാധ്യമങ്ങളുടെ സ്വാധീനം തലയ്ക്കു പിടിച്ചോ, ഭവിഷ്യത്തുകളെക്കുറിച്ച് ചിന്തയില്ലാതെയോ ഉപദേശങ്ങളെ കാറ്റിൽ പറത്തുന്ന തലമുറയുടെ എണ്ണം കൂടി വരികയാണ്. ഒടുവിൽ മക്കളുടെ ഇഷ്ടത്തിന് വഴങ്ങി കൊടുക്കുന്ന മാതാപിതാക്കളെയാണ് കാണുന്നത്. മക്കളുടെ അപ്രീതി സമ്പാദിക്കുവാൻ മാതാപിതാക്കൾ തയ്യാറല്ല. ഒന്നു പറഞ്ഞു രണ്ടാമത്തേതിന് ഭീഷണി മുഴക്കുന്ന മക്കളും ഉണ്ട്. കാലം എത്രയോ മാറി. പണം കൊടുത്തോ, ലഡ്ഡു കൊടുത്തോ മക്കളെ തിരുത്താൻ പറ്റാത്ത കാലത്ത് എത്തിക്കഴിഞ്ഞു. ഉപദേശം കൊടുത്തല്ലോ. നന്നായില്ലെങ്കിൽ നന്നാവണ്ടാ. "അടിച്ചേലെ പോയില്ലെങ്കിൽ പോയേലേ അടിച്ചേക്കാം" എന്നൊരു ചൊല്ല് പോലെ മക്കൾ പോകുന്ന വഴിയിൽ ഞങ്ങളും പോയേക്കാം എന്നു വിചാരിച്ചാൽ ഏലിക്ക് ഉണ്ടായ ഗതി നമുക്ക് ഉണ്ടാവില്ല എന്നു ആരു കണ്ടു. ദൈവത്തിന്റെ പ്രമാണങ്ങൾക്ക് മാറ്റമില്ലല്ലോ. മക്കളും നഷ്ടപ്പെടാം. മാതാപിതാക്കളുടെ സമാധാനവും നഷ്ടപ്പെടാം. നിർദ്ദേശങ്ങൾ കൊണ്ട് മാറ്റം വന്നില്ലെങ്കിലോ?

## നിർബന്ധം വേണം

ഇന്ന് ഗവൺമെന്റിൽ നിന്ന് പല അവകാശങ്ങളും നേടിയെടുക്കുന്നത് നിർബ്ബന്ധത്താലാണല്ലോ. കൊടുക്കാതിരിക്കാൻ പറ്റാത്ത സമ്മർദ്ദത്തിലേക്ക് കൊണ്ടു പോകുക. ആ സമ്മർദ്ദം തന്നെ ഭവനത്തിലും വേണ്ടി വരും. പല കാര്യങ്ങളിലും മാതാപിതാക്കൾക്ക് നിർബ്ബന്ധം ഉണ്ടാകണം. ആദ്യം അല്പം അസഹനീയം എന്ന് തോന്നിയാലും കാലങ്ങൾ കഴിയുമ്പോൾ അതിലെ നന്മ അവർ തിരിച്ചറിഞ്ഞു കൊള്ളും. എന്റെ മാതാവ്, പിതാവ് നിർബന്ധിച്ചതുകൊണ്ടാണ് ഞാൻ ഈ അനുഗ്രഹത്തിലെത്തിയത് എന്ന് പിൽക്കാലത്ത് അവർ സാക്ഷ്യം പറയുമ്പോൾ അത് നിങ്ങളുടെ കിരീടത്തിലെ ഒരു പൊൻതൂവലാണ്. ദൈവിക പ്രമാണങ്ങൾക്ക് എതിരായ. ഒരു കാര്യത്തിനും മാതാപിതാക്കൾ അനുകൂലം നില്ക്കുവാൻ പാടില്ല. വചന പ്രകാരം തെറ്റ് എന്ന് ബോദ്ധ്യമുള്ള കാര്യങ്ങളെ ശാസിച്ച് അമർത്തുക തന്നെ വേണം. ദൈവ ശിക്ഷ നമ്മുടെ കുടുംബങ്ങളെ മാറിപ്പോകട്ടെ. സീയോനിൽ നിന്നുള്ള അനുഗ്രഹം നമ്മുടെ കുടുംബത്തിൻ മേൽ ഉണ്ടാകട്ടെ. ●

ഓർമക്കുറിപ്പുകൾ

# ക്യാമ്പുകളിലെ അവിസ്മരണീയ അനുഭവങ്ങൾ

**ഏബ്രഹാം തോമസ്, കൊച്ചി**

1970 മെയ് 7–11 വരെയുള്ള ദിവസങ്ങൾ ഇന്നും പുത്തൻ ഓർമ്മകളുമായി എന്റെ മനസ്സിൽ തങ്ങിനില്ക്കുന്നു കലഞ്ഞൂർ എൻ.എം യു.പി സ്കൂളിൽ നടന്ന സുവിശേഷകൻ ബാലസംഘം ജനറൽ ക്യാമ്പിൽ ഞാൻ പങ്കെടുത്ത ദിവസങ്ങൾ, എന്റെ ആദ്യത്തെ ക്യാമ്പ്. രക്ഷാധികാരി എം.ഇ ചെറിയാനും ഒരുമിച്ച് താമസിക്കുവാൻ ലഭിച്ച ആദ്യ അനുഭവമായിരുന്നു അത്. പുതിയ പാട്ടുകൾ, പുതിയ കൂട്ടുകാർ, പുതിയ കഥകൾ.... എല്ലാം പുതുമ നിറഞ്ഞവയായിരുന്നു. ആ ക്യാമ്പിൽ പ്രിയപ്പെട്ട രക്ഷാധികാരി ആദ്യം മുതൽ തന്നെ പങ്കെടുത്തിരുന്നു. താൻ അന്ന് അവിടെ കൊണ്ടുവന്ന സ്പൂൾ ടൈപ്പ് ടേപ്പ് റെക്കോർഡറിൽക്കൂടി ആദ്യമായി പാട്ടുകൾ കേട്ടതും മറ്റും 34 വർഷങ്ങൾ കഴിഞ്ഞിട്ടും മറക്കാൻ കഴിയുന്നില്ല.

പകൽ ഓഡിറ്റോറിയമായി ഉപയോഗിച്ചിരുന്ന സ്ഥലത്താണ് രാത്രിയിൽ ഉറങ്ങേണ്ടിയിരുന്നത്. എം.ഇ.സിയും രണ്ടു ബഞ്ചുകൾ അടുപ്പിച്ചിട്ട് ക്യാമ്പ് അംഗങ്ങളുടെ കൂടെയാണ് കിടന്നിരുന്നത്. ക്യാമ്പിലെ കുസൃതിക്കുട്ടന്മാർ രാത്രിയിൽ ലൈറ്റണച്ചു കഴിയുമ്പോൾ പലതരം കുസൃതികൾ കാട്ടുകയും ശബ്ദം ഉണ്ടാക്കുകയും ചെയ്യുമായിരുന്നു. എന്റെ തൊട്ടടുത്ത് കിടന്ന ഒരു കുട്ടി ശബ്ദമുണ്ടാക്കിയതും ഒരു ടോർച്ച് അവന്റെ മുഖത്ത് മിന്നിയതും ഒരുമിച്ചായിരുന്നു. ചെറിയാൻ സാർ രാത്രിയിൽ ഉറക്കമിളച്ച് ശബ്ദമുണ്ടാക്കുന്നവരെ പിടികൂടാൻ ഇറങ്ങിയതിന്റെ തെളിവ്– അവന് വേണ്ട താക്കീത് കൊടുത്തു. എത്ര ദേഷ്യപ്പെട്ടാലും ഒരു പിതാവിനെപ്പോലെ സ്നേഹിക്കുവാൻ തനിക്കുണ്ടായിരുന്ന കഴിവ് ശ്രദ്ധേയമായിരുന്നു.

# എടുക്ക എൻ ജീവനെ....



ഒരു പൂന്തോട്ടത്തിലെ സുഗന്ധമേറിയ പുഷ്പങ്ങൾക്ക് അധികം ആയുസ്സുണ്ടാകാറില്ല. ജീവിതോദ്യാനത്തിൽ സൗരഭ്യം പരത്തി ആയുസ്സിന്റെ മദ്ധ്യാഹ്നത്തിൽ ജീവിതം മുഴുമിപ്പിക്കേണ്ടി വന്ന ഫ്രാൻസെ ഹാവർഗാൾ എന്ന സ്ത്രീരത്നം ഓർമ്മകളിൽ ഇന്നും സുഗന്ധം പരത്തുന്നു. "Take my life and let it be...-" (എടുക്ക എൻ ജീവനെ..) എന്ന ഹാവർഗാൾ എഴുതിയ അനശ്വരഗാനം സമർപ്പണ ജീവിതത്തിന്റെ പര്യായമായി ഇന്നും നിലകൊള്ളുന്നു. 1856 ഡിസംബർ 14-ന് ഇംഗ്ലണ്ടിലെ ആസ്ലി എന്ന പട്ടണത്തിലാണ് വില്യം ഹാവർഗാൾ എന്ന ആംഗ്ലിക്കൻ പുരോഹിതന്റെ മകളായി അവർ ജനിക്കുന്നത്. നാലാം വയസ്സിൽ വായിക്കാൻ പഠിച്ചതോടെ ക്രമേണ ബൈബിൾ മനഃപാഠമാക്കുവാൻ തുടങ്ങി. 7-ാം വയസ്സിൽ കവിതാരചനയും ആരംഭിച്ചു. സംഗീതത്തിലും വായനയിലുമുള്ള തന്റെ സ്വതസിദ്ധമായ കഴിവുകൾ വളർത്തിയെടുക്കുവാൻ പിതാവ് അകമഴിഞ്ഞ പ്രോത്സാഹനം നൽകി. തന്റെ ആരോഗ്യസ്ഥിതി വളരെ മോശമായിരുന്നു എങ്കിലും അനേക ഭാഷകൾ, പ്രത്യേകിച്ച് ഗ്രീക്ക്, എബ്രായ ഭാഷകൾ നന്നെ ചെറുപ്പത്തിൽ തന്നെ സ്വായത്തമാക്കി. ബാല്യത്തിൽ, കർത്താവിന്റെ രക്ഷിതഗണത്തിൽ താനും കാണുമോ എന്ന സംശയം അവരെ വേട്ടയാടി. എന്നാൽ കൗമാര പ്രായമായപ്പോഴേക്കും ആത്മരക്ഷയെക്കുറിച്ചുള്ള നിർണ്ണയം പ്രാപിച്ചു. അതിനെക്കുറിച്ചുള്ള തന്റെ അഭിപ്രായം ഇപ്രകാരമാണ്. 'രക്ഷകനായ ക്രിസ്തുവിങ്കൽ എന്റെ ജീവിതം സമർപ്പിച്ച സമയം മുതൽ സ്വർഗ്ഗവും ഭൂമിയുമെല്ലാം കൂടുതൽ പ്രകാശമാനമാകുന്നതായാണ് എനിക്ക് അനുഭവപ്പെട്ടത്.

എടുക്ക എൻ ജീവനെ... എന്ന പ്രശസ്തഗാനത്തിന്റെ പശ്ചാത്തലം അവർ വിവരിക്കുന്നത് ഇപ്രകാരമാണ്. "ഞാൻ കുറച്ചു ദിവസത്തേക്ക് താമസിക്കുവാൻ ഒരു വീട്ടിൽപോയി. പത്ത് അംഗങ്ങളുണ്ടായിരുന്ന ആ ഭവനത്തിലെ അനേകർക്കും രക്ഷയുടെ അനുഭവം ഉണ്ടായിരുന്നില്ല. രക്ഷിക്കപ്പെട്ടവർക്ക് രക്ഷയുടെ സന്തോഷം ഇല്ലതാനും. കർത്താവിനോടു ഞാൻ പ്രാർത്ഥിച്ചു.

## ഓർമക്കുറിപ്പുകൾ

**ജോൺ മാത്യു, എറണാകുളം**

(ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന ജോൺ മാത്യു പരേതനായ എം പി ജോൺ സാറിന്റെ (പുനലൂർ) മകനാണ്.)

"...ക്യാമ്പിന് വരുമ്പോൾ എന്തെല്ലാം കൊണ്ടുവരണം എന്നുള്ളത് സുവിശേഷകൻ മാസികയിലൂടെ അറിയിച്ചിരുന്നു. അവയിൽ ഒന്നായിരുന്നു ഭക്ഷണം കഴിക്കാനുള്ള പ്ലേറ്റ്, സ്പൂൺ, ഗ്ലാസ്സ് എന്നിവ. സാധാരണയായി പ്രഭാതഭക്ഷണം കഞ്ഞിയായിരുന്നു. കഞ്ഞി കുടിക്കാൻ ഇരിക്കുമ്പോൾ ഉച്ചത്തിൽ പാട്ടുപാടിയിരുന്നു. അലുമിനിയം പ്ലേറ്റിൽ സ്പൂൺ കൊണ്ട് അടിച്ച് താളം മുഴക്കിയത് ഇന്നും രസകരമായ ഓർമ്മയായി അവശേഷിക്കുന്നു.

ക്യാമ്പിലെ പ്രോഗ്രാമുകൾ വളരെ ആത്മീയ പ്രചോദനം തരുന്നവയായിരുന്നു. പ്രസംഗം, വേദവിജ്ഞാനം, വേദപരിചയം, വാക്യമത്സരം ഇങ്ങനെയുള്ള പരിപാടികൾ വളരെ വിജ്ഞാനപ്രദവും രസകരവുമായിരുന്നു. ഇതിൽ പങ്കെടുത്തത്, പിൽക്കാല ജീവിതത്തിൽ എനിക്ക് വളരെ പ്രയോജനം ചെയ്തു"

കർത്താവേ, ഈ വീട്ടിലെ എല്ലാവരേയും എനിക്കു തരണം. കർത്താവ് അങ്ങനെ ചെയ്തു. ആ കുടുംബത്തിലെ എല്ലാവരും അനുഗൃഹീതരായി. എന്നാൽ ഞാൻ മടങ്ങിപ്പോരുന്നതിന്റെ തലേരാത്രി എന്റെ സമർപ്പണത്തെ പുനർ വിചിന്തനം ചെയ്യുന്നതിന് വേണ്ടി ചിലവഴിച്ചു. അതിന്റെ പരിണിതഫലമായി ... എന്നും എല്ലാം അങ്ങേക്കായി... എന്ന ഈരടികൾ മനസ്സിൽ കോറിയിട്ടു. പിന്നീട് ബാക്കിഭാഗങ്ങളും കൂട്ടിച്ചേർത്തപ്പോൾ ആ വിശ്വപ്രസിദ്ധഗാനം പിറവിയെടുത്തു.

“എടുക്ക എൻ സമ്പത്തും, എൻ പൊന്നും വെള്ളിയും...” സമ്പൂർണ്ണത്യാഗത്തിന്റെ മനോഹര പ്രകടനമായിരുന്നു ഈ വാക്കുകൾ. ഒരു ആഭരണക്കടക്ക് ആവശ്യമുള്ള സ്വർണ്ണവും വെള്ളിയുമൊക്കെ തനിക്ക് സ്വന്തമായുണ്ടായിരുന്നു. അത് മുഴുവൻ ഏതാണ്ട് 50 പാക്കറ്റുകളിലായി ചർച്ച് മിഷണറി ഹൗസിന് സംഭാവനയായി നൽകി. ജീവിതത്തെ സംഗീതമാക്കി രൂപാന്തരപ്പെടുത്തിയ ആ മഹതി ആ ദിവസത്തെക്കുറിച്ചെഴുതിയിരിക്കുന്നത് ഇങ്ങനെയാണ് അന്നേ ദിവസം പോലെ സന്തോഷകരമായ ഒരു ദിവസം എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.

ഇംഗ്ലണ്ടിൽ ഹാവർഗാളിന്റെ സ്വാധീനം കൊടികുത്തി വാഴുമ്പോൾ അമേരിക്കയിൽ അന്ധയായ ഫാനി ക്രോസ്ബി ക്രിസ്തീയ സംഗീതത്തിൽ വീരേതിഹാസം രചിക്കുകയായിരുന്നു. ഒരിക്കലും അവർ പരസ്പരം കണ്ടുമുട്ടിയിട്ടില്ലെങ്കിലും അന്യോന്യം ആദരിച്ചിരുന്നു. കേവലം 42 വയസ്സിൽ തീർത്തും വഷളായ തന്റെ ആരോഗ്യസ്ഥിതിയെപ്പറ്റി ഡോക്ടർ പറഞ്ഞപ്പോൾ അവൾ പറഞ്ഞു ആ സത്യം എത്രയും വേഗം യാഥാർത്ഥ്യമായെങ്കിൽ ...

ആത്മാവിനെ തൊട്ടുണർത്തുന്ന സംഗീതത്തിന് രൂപം നൽകിയവർ അനേകരുണ്ട്- ജീവൻ, കരങ്ങൾ, കാലുകൾ, ഹൃദയം, ബുദ്ധി, സമ്പത്ത് സ്വർണ്ണം, വെള്ളി, മക്കൾ ഇവയെല്ലാം യേശുവിനായി പ്രതിഷ്ഠിച്ചവർ സമർപ്പണം കവയിത്രിയായ ഹാവർഗാളും ഈ പട്ടികയിൽ വരുന്നതിൽ അത്ഭുതമില്ല. നമുക്കും ക്രിസ്തീയ സമർപ്പണത്തിന്റെ പ്രതീകങ്ങളായി പരിണമിക്കാൻ സാധിച്ചാൽ ഈ അനശ്വരഗാനത്തിന്റെ അർത്ഥം നമ്മിലും യാഥാർത്ഥ്യമാവുകയായി!

## ഓർമക്കുറിപ്പുകൾ

### ജോയിസ് മാത്യു, സോദരിഭവൻ, കൊല്ലം

“...സുവിശേഷകൻ ബാലസംഘം ക്യാമ്പുകളിൽ ചുമതലപ്പെട്ടവർ ആവശ്യപ്പെടുന്നതനുസരിച്ച് എന്റെ കൂട്ടുസഹോദരിമാരും ഒത്ത് കടന്നുചെന്ന് ഗ്രൂപ്പുക്ലാസ്സുകൾ എടുക്കുവാനും പെൺകുഞ്ഞുങ്ങളുടെ മേൽനോട്ടം വഹിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ആ സന്ദർഭങ്ങളിൽ പലരോടും വ്യക്തിപരമായി ഇടപെട്ട് ക്രൂശിന്റെ മാർഗ്ഗത്തിലേക്ക് നയിക്കുവാൻ സംഗതിയായിട്ടുണ്ട്.

അത് സന്തോഷത്തോടെ ഓർത്ത് സ്തോത്രം ചെയ്യുന്നു. കൂടാതെ ലീഡേഴ്സായി വിവിധ സ്ഥലങ്ങളിൽ നിന്നും വരുന്ന സഹോദരിസഹോദരന്മാരെ കാണുവാനും പരിചയപ്പെടുവാനും കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല നല്ല പ്രഗത്ഭരായ കർത്ത്യദാസന്മാരുടെ വചനശുശ്രൂഷകൾ കേട്ട് തന്നെത്താൻ ശോധന ചെയ്ത് ആത്മീയജീവിതം പുതുക്കുവാനും സാധിച്ചിട്ടുണ്ട്. കുട്ടികളുടെ താലന്തുപ്രകടനങ്ങൾ, പ്രസംഗങ്ങൾ, വേദപരിചയം, വാക്യമത്സരങ്ങൾ എന്നിവ കണ്ടും കേട്ടും ആസ്വദിപ്പാനുള്ള അവസരങ്ങളും ധാരാളം ലഭിച്ചിട്ടുണ്ട്”

### കുഞ്ഞമ്മ വർഗീസ്, കല്ലിശ്ശേരി

(ഗാനരചയിതാവ് ഗ്രഹാം വർഗീസിന്റെ മാതാവാണ്)

“...കേരളത്തിലുടനീളം നടന്ന പല ക്യാമ്പുകളിലും ദൈവം ഞങ്ങൾക്ക് തന്ന മക്കളേയും കൊണ്ട് പോയി സംബന്ധിക്കുവാൻ ഇടയായി. അത് അവരുടെ ജീവിതത്തിൽ അനുഗ്രഹത്തിന് കാരണമായിത്തീർന്നു. അവർ ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദൈവനാമ മഹത്വത്തിനായി നിലകൊള്ളുന്നു.

ദൈവവചനം അനേകകുഞ്ഞുങ്ങൾക്ക് ഉപദേശിച്ചു കൊടുക്കുവാൻ ദൈവം അവസരം നൽകി. ഭവനസന്ദർശനത്തിനുള്ള പ്രചോദനം ലഭിച്ചത് ബാലസംഘം പ്രവർത്തനത്തിലൂടെയാണ്. ആദ്യകാലങ്ങളിൽ കുട്ടികളെ കൂട്ടിക്കൊണ്ട് വരുവാൻ പല ഭവനങ്ങളിലും കയറി ഇറങ്ങേണ്ടതുണ്ടായിരുന്നു. ആ പരിചയമാണ് ഇന്നു ഭവന സന്ദർശനം എന്ന ശുശ്രൂഷയ്ക്ക് ബലമേകിയത്. ബാലസംഘത്തിലെ കുഞ്ഞുങ്ങളെ പേരു പറഞ്ഞ് പ്രാർത്ഥനയിൽ ഓർത്തിരുന്നത് മൂലം തുടർന്ന് മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുള്ള താൽപര്യം വർദ്ധിച്ചു”

# ചിത്രത്തിന് നിറം കൊടുക്കുക

ഈ ചിത്രത്തിന് നിറം കൊടുക്കുക. എന്നിട്ട് ഈ പേജ് അയച്ചുതരിക. ഏറ്റവും നല്ല കളറിംഗിന് ലിറ്റിൽ കിംഗ്ഡം സമ്മാനം അയച്ചുതരുന്നതാണ്. അയക്കേണ്ട വിലാസം: Jijo C. George (Editor In Charge), Chakravelil House, Mulanthuruthy P.O. Paininkalpara, Ernakulam Dt, Pin - 682 314



Name: ....................................................................Age: ............Std................


# പദപ്രശ്നം

പദപ്രശ്ന മത്സരങ്ങൾക്ക് തുടർച്ചയായി ഒരു വർഷം ശരിയുത്തരം അയക്കുന്ന കൂട്ടുകാർക്ക് ലിറ്റിൽ കിംഗ്ഡം പ്രത്യേകം സമ്മാനം നൽകുന്നു. **ഉത്തരങ്ങൾ ആഗസ്റ്റ് 15 – ാം തീയതിക്കു മുമ്പായി അയക്കുക.**

പദപ്രശ്നം അയക്കേണ്ട വിലാസം

Jijo C. George (Editor In Charge), Chakravelil House, Mulanthuruthy P.O. Paininkalpara, Ernakulam Dt, Pin - 682 314.
നിങ്ങളുടെ വിലാസത്തിനൊപ്പം ഫോൺ നമ്പർ കൂടി ചേർക്കുക.

**യോശുവ 15 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന്**




### വലത്തോട്ട്

3. യോസേഫിന് കിട്ടിയ അവകാശത്തിൽ അർക്ക്യരുടെ അതിരായ സ്ഥലം
5. മൂന്നാമത്തെ നറുക്കു ലഭിച്ച ഗോത്രം
8. ഗാദും രൂബേനും മനശ്ശെയുടെ പാതി ഗോത്രവും മോശെ അവർക്കുകൊടുത്തിട്ടുള്ള അവകാശം ഏതു നദിക്കു കിഴക്കായാണ് വാങ്ങിയിരിക്കുന്നത്?
9. ഗിലെയാദിന്റെ പിതാവിന്റെ പേര്

### താഴോട്ട്

1. ദെബീരിന്റെ മുമ്പുണ്ടായിരുന്ന പേര്
2. ലേവ്യർക്ക് ഓഹരി ഇല്ലല്ലോ; യഹോവയുടെ ——— അവരുടെ അവകാശം ആകുന്നു.
3. അനാക്കിന്റെ പുത്രന്മാരായ മൂന്ന് അനാക്യരിൽ ഒരാൾ
4. ഏദോമിന്റെ അതിരായ ഒരു മരുഭൂമി
6. ബേഥേൽ എന്ന് മറ്റൊരു പേരും ഈ സ്ഥലത്തിനുണ്ട്
7. ശെലോഫഹാദിന്റെ പുത്രിമാരിൽ ഒരാൾ

### പദപ്രശ്നം – ജൂൺ മാസത്തിലെ വിജയികൾ

അഫ്സ ഫിലിപ്പ് പൊന്തെൻപുഴ
ജെറിൻ റോയ്, ഊരമന
കൃപ മേരി ജോൺ, മീനടം
ഫേബ മേഴ്സിലി, മലമ്പുഴ
സെഫിൻ വർഗ്ഗീസ്, പാലക്കാട്
എമിലി മറിയം ഡിഗ്നിറ്റി, തിരുവല്ല
സെറീന സ്റ്റാൻലി, മലമ്പുഴ
ഗായോസ് ഷാജി, അങ്കമാലി
ക്രിസ്വിൻ മാത്യു, മേലുകാവുമറ്റം
ഹുൽദ എസ്. ജോൺസൻ, അഞ്ചുതെങ്ങ്
റിജോയ് ഡേവിഡ്, പാലക്കാട്
ഡൊമിനിയ റെജി, മുട്ടുകാട്
ടൈറ്റസ് വർഗീസ്, മാന്നാർ
ജെഫിൻ ജോൺ, താമരശ്ശേരി
ഏബെൽ സാം സന്തോഷ്, പേരൂർക്കട
ജെയ്സൺ തോമസ്, കൊട്ടാരക്കര
ആൽബിൻ എം. എബ്രഹാം, പാക്കിൽ



**ഫിലിപ്പ് കെ. ആൻഡ്രൂസ്**



വാക്കുകളുടെ ഊക്കും തൂക്കവും

# ഹാന്റ്ലി ബേർഡ്

ജോർജ്ജ് മുള്ളറുടെ സങ്കേതത്തിൽ സണ്ടേസ്കൂളിന്റെ ചുമതലക്കാരനായിരുന്നു മി. ഹാൻലി ബേർഡ്. ദൈവവിളിയെ തുടർന്ന് ഒരു മിഷനറിയായി ഭാരതത്തിലെത്തുകയായിരുന്നു. ഇന്ത്യയിലെ വിവിധപട്ടണങ്ങളിൽ ചുറ്റി സഞ്ചരിച്ച് താൻ നടത്തിയ സുവിശേഷഘോഷണത്തിന്റെ ഫലമായാണ് ബോംബെ, മദ്രാസ്, എന്നിവിടങ്ങളിൽ സ്ഥലം സഭകൾ രൂപീകൃതമായത്. ക്രിസ്ത്യൻ പാട്രിയട്ട് എന്ന മാസികയിൽ അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത് ഇന്ത്യയിലെ മിഷണറിമാരിൽ ഏകവാമി എന്നാണ്. പ്രസംഗത്തോടൊപ്പം തന്നെ യുവജനശുശ്രൂഷകളിലും ഇദ്ദേഹം ഉത്സുകനായിരുന്നു. അനേക യുവജനങ്ങളെ ആത്മീയ പ്രബുദ്ധരാക്കി സുവിശേഷഘോഷണത്തിനായി തെരുവിലിറക്കി എന്നത് പ്രസ്താവ്യമാണ്.

കൊല്ലവർഷം 1024-ലാണ് ഹാന്റ്ലി ബേർഡ് ആദ്യമായി കേരളത്തിലെത്തിയത്. കുമ്പനാട്ടച്ചൻ ക്രമീകരിച്ച സുവിശേഷയോഗത്തിൽ ഒരാഴ്ച പ്രസംഗിച്ച അദ്ദേഹം അവിടെവെച്ച് നടന്ന ആരാധനായോഗത്തിലാണ് ആദ്യമായി സ്തോത്രകാഴ്ചാ ശേഖരണം എന്ന ആശയം അവതരിപ്പിച്ചത്. തുടർന്ന് കവുങ്ങുംപ്രയാർ, നെടുംപ്രയാർ, മല്ലപ്പുഴശേരി, ചെങ്ങന്നൂർ, കവിയൂർ, മേപ്രാൽ എന്നീ സ്ഥലങ്ങളിൽ ഒരു സുവിശേഷപ്രസംഗപരമ്പരയായിരുന്നു. അക്കാലത്തെ ക്രൈസ്തവ സമൂഹങ്ങളിലെ നേതാക്കൾപോലും അദ്ദേഹവുമായി സംസാരിക്കാൻ സമയം കണ്ടെത്തി. മാർത്തോമ്മാ സഭയുടെ വികാരി ജനറൽ ആയിരുന്ന ശ്രീ. ഐപ്പ് തോമാ കത്തനാർ സ്നാനം സംബന്ധിച്ച് അദ്ദേഹവുമായി വാദപ്രതിവാദം നടത്തുകയുണ്ടായി. കേരള സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ അദ്ദേഹം കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിച്ച് വേലയെ ശക്തിപ്പെടുത്തി. നെടുമ്പ്രയാർ, കുറിയന്നൂർ, വടക്കൻ പറവൂർ, പുതുപ്പള്ളി, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങൾ ഇവയിൽ പ്രാധാന്യം അർഹിക്കുന്നവയാണ്. മലങ്കര വിയോജിത പ്രസ്ഥാനവും വേർപാടു സഭകളും തമ്മിലുള്ള യോജിപ്പിൽ ഇദ്ദേഹത്തിന്റെ ആലോചന വിലയേറിയതാണ്. വലിയ വായനാശീലമുള്ളവനും പണ്ഡിതനുമായ ഇദ്ദേഹം മഹത്വത്തിലെ കെരൂബുകൾ, സമാഗമനകൂടാരം ആദിയായ വിഷയങ്ങളെക്കുറിച്ച് ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

മറ്റുള്ളവരെ സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും സാമ്പത്തികമായി സഹായിക്കുന്നതിനും ഇദ്ദേഹം തൽപരനായിരുന്നു. ഇന്ത്യക്കാരോട് ഇത്ര സമഭാവന നടത്താൻ മറ്റു മിഷനറിമാർക്ക് കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. വിനയമായിരുന്നു തന്റെ ഭൂഷണം.

വാർദ്ധക്യത്തിലെത്തിയപ്പോൾ സ്വദേശമായ ലണ്ടനിലേക്ക് മടങ്ങിയെങ്കിലും വീണ്ടും ഇന്ത്യയിലേക്ക് തിരിച്ചെത്തിയ ഈ വീരപോരാളി 1938-ൽ മൈസൂറിൽ ബൽഗാം എന്ന സ്ഥലത്തുവെച്ച് നിത്യസ്വസ്ഥതയിലേക്ക് പ്രവേശിച്ചു.

## ഓർമ്മക്കുറിപ്പുകൾ

എസ്.ബി.എസ് ജനറൽ ക്യാമ്പ് 2016

**വി.വി പൗലോസ്, എറണാകുളം**

മുൻ എസ് ബി എസ് ജനറൽ സെക്രട്ടറി

"...1987 ൽ ആലുവ വൈ. എം. സി. എയിൽ നടത്തിയ ജനറൽ ക്യാമ്പ് വിസ്മരിക്കാനാവില്ല. അദ്ധ്യാപകരടക്കം 700 പേരോളം പെരിയാറിന്റെ തീരത്ത് തമ്പടിച്ചു. ജനറൽ സെക്രട്ടറി എന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്വം ദൈനംദിന ചെലവുകൾക്ക് പണമില്ല. ചിട്ടിപിടിച്ച ഒരു ചെറിയ തുകയുമായി ക്യാമ്പ് സൈറ്റിലെത്തി. പ്രാർത്ഥനയുടെ ചൂടറിഞ്ഞ ദിനരാത്രങ്ങളിൽ ദൈവം അത്ഭുതം പ്രവർത്തിച്ചു. ക്യാമ്പ് അവസാനിച്ചപ്പോഴേക്കും ചിലവ് കഴിഞ്ഞ് നല്ലൊരു തുക മിച്ചം വന്നു. ജനറൽ ഫണ്ടിലേക്ക് മൂലധനമായി നല്ലൊരുതുക കൈമാറാൻ കഴിഞ്ഞു.

# പിസായിലെ ചെരിയുന്ന ഗോപുരം



പിസാ കത്തീഡ്രലിന്റെ മണിമേടയായാണ് യഥാർത്ഥത്തിൽ പിസാഗോപുരം നിർമ്മിച്ചത്. വെള്ള മാർബിളിൽ സ്തൂപരൂപത്തിൽ തീർത്ത എട്ട് ഗാലറികളാണ് പിസാഗോപുരത്തിനുള്ളത്. ഗോപുരത്തിന്റെ ഏറ്റവും മുകളിൽ വരെ എത്തുന്നതിനായി കോവണിയും നിർമ്മിച്ചിരുന്നു.

1274 - ലാണ് ഇതിന്റെ നിർമ്മാണം തുടങ്ങിയത്. നിർമ്മാണം തുടങ്ങിയപ്പോൾ മുതൽ അടിയിലുള്ള മണ്ണ് ഇളകിതുടങ്ങി. നിർമ്മാണം പുരോഗമിച്ചപ്പോൾ തന്നെ ചെരിവിനെക്കുറിച്ചുള്ള ഏകദേശധാരണ ലഭിച്ചു. വർഷങ്ങൾകൊണ്ട് ഗോപുരം മന്ദഗതിയിൽ ചെരിഞ്ഞ് ഇപ്പോൾ 14 അടി ചെരിഞ്ഞാണ് നിൽക്കുന്നത്.

ശരിയായ അടിസ്ഥാനത്തിലല്ല പണിതത് എന്നതാണ് ഗോപുരത്തിന് പറ്റിയ പാളിച്ച. പാറമേൽ അടിസ്ഥാനമിട്ട് വീടു പണിത ബുദ്ധിമാനെക്കുറിച്ച് യേശുക്രിസ്തു പറഞ്ഞിട്ടുണ്ട്. യുഗങ്ങളുടെ പാറയായ ക്രിസ്തുവിൽ നിങ്ങളുടെ ജീവിതം പണിയുക. അത് ശക്തവും സുരക്ഷിതവുമായിരിക്കും. യെശയ്യാവ് 28:16, മത്തായി 7:24, 1 കൊരിന്ത്യർ 3:11, എഫെസ്യർ 2:20, 2 തിമോഥെയോസ് 2:19.

## ഓർമ്മക്കുറിപ്പുകൾ

എസ്.ബി.എസ്
ജനറൽ ക്യാമ്പ് 2016

**എം. ജെ പത്രോസ്, ക്രാരിയേലി**

"...ഏകദേശം 40 വർഷങ്ങൾക്കുമുമ്പ് സുവിശേഷകൻ ബാലസംഘവുമായി ബന്ധപ്പെടുവാനും, പ്രവർത്തനങ്ങളിൽ സഹകരിപ്പാനും എനിക്ക് ഇടയായിട്ടുണ്ട്. എസ്.ബി.എസിന്റെ സ്ഥാപകനും, രക്ഷാധികാരിയുമായിരുന്ന എം. ഇ ചെറിയാൻ സാറിനോടുള്ള താൽപര്യമാണ് ഈ പ്രസ്ഥാനവുമായി ബന്ധപ്പെടുവാൻ എന്നെ സഹായിച്ചത്. സാറ് എന്റെ ഗുരുവും പല ആത്മീയ ശുശ്രൂഷകളിലേക്കും എന്നെ വളരെ പ്രോത്സാഹിപ്പിച്ച് ഉയർത്തിയ മാന്യദേഹവുമാണ് എന്നുള്ളത് നന്ദിയോടെ ഓർക്കുന്നു. ആ കാലങ്ങളിൽ ക്യാമ്പുകൾക്ക് എത്തിച്ചേരുക എന്നുള്ളത് വളരെ ശ്രമകരമായിരുന്നു. അന്ന് യാത്രാസൗകര്യങ്ങളുടെ കുറവ്, പണം ഇല്ലായ്മ ഇങ്ങനെ പല പ്രതിസന്ധികളും ഉണ്ടായിരുന്നു. എങ്കിലും എസ്.ബി.എസ് ക്യാമ്പ് എന്നു കേൾക്കുമ്പോൾ അവിടെ എത്തിച്ചേരാനുള്ള ആവേശം വളരെയായിരുന്നു. ക്യാമ്പിൽ ചെന്നു ചേർന്നാൽ പിന്നെ എല്ലാം മറക്കും. വീട്ടിലെ കാര്യങ്ങളോ മറ്റേതെങ്കിലും കാര്യങ്ങളോ മനസ്സിലേക്കു വരികയില്ല. എല്ലാവരും ഒത്തുചേർന്ന് ആത്മീയ സന്തോഷത്തിൽ സമയങ്ങൾ കഴിഞ്ഞുപോകും. അങ്ങനെ ഒരുമിച്ച് ഏകപിതാവിന്റെ മക്കൾ എന്നുള്ള നിലയിൽ കഴിയുന്നതുകൊണ്ട് പിരിഞ്ഞുപോരുവാൻ തോന്നുകയില്ല. ആ കാലങ്ങളിൽ ക്യാമ്പുകൾ സമാപിക്കുന്നത് രാവിലെയാണ്. രാവിലെ നടക്കുന്ന സമാപന സമ്മേളനത്തിൽ കുട്ടികളുടെ അനുഗ്രഹിക്കപ്പെട്ട സാക്ഷ്യങ്ങൾ കേട്ട് ഹൃദയങ്ങൾ സന്തോഷിക്കും. ദൈവത്തെ സ്തുതിച്ച് മഹത്വപ്പെടുത്തും. 'ഈ ബലത്തോടെ പോക' എന്ന സമാപന സന്ദേശത്തോടും പ്രാർത്ഥനയോടും കൂടി, കർത്താവ് വരുവാൻ താമസിച്ചാൽ അടുത്ത ക്യാമ്പിൽ അല്ലെങ്കിൽ സ്വർഗ്ഗത്തിൽ കാണാം എന്നുള്ള പ്രത്യാശയോടുകൂടി ആനന്ദത്തിന്റെ കണ്ണുനീർ വീഴ്ത്തിക്കൊണ്ട് റ്റാറ്റാ.. പറഞ്ഞു പിരിയുന്നു... സ്തോത്രം. ദൈവകൃപയാൽ സുവിശേഷകൻ ബാലസംഘം ഇത്രത്തോളം വളർന്നു. എം.ഇ ചെറിയാൻ സാർ ഉൾപ്പെടെയുള്ളവർ നട്ടതിനെ മറ്റു പലരും നനച്ചു. ഇന്നിതാ ദൈവം ഇതിനെ ഇത്രത്തോളം വളരുമാറാക്കി. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ"



ധർമ്മരാജ്, മാവേലിക്കര

# ചപ്പുചവറുകളും ആപ്പിൾ കുട്ടയും

ഗ്രാമത്തിനും പട്ടണത്തിനും നടുവിലായിരുന്നു ബോവരും നീഗറും താമസിച്ചിരുന്നത്. ഇരുവരും കൃഷിക്കാരും അയൽവാസികളും ആയിരുന്നു. അവർ അവിടെ താമസം ആരംഭിക്കുന്ന സമയങ്ങളിൽ ഇരുവർക്കുമിടയിൽ നല്ല സൗഹൃദം ഉണ്ടായിരുന്നു. എന്നാൽ കാലക്രമേണ അത് വളരെ കുറഞ്ഞുവന്നു. ഇരുവരുടെയും വീടുകൾ പട്ടണത്തിലേക്കുള്ള വഴിയുടെ ഇരുവശത്തായിട്ടായിരുന്നു. ബോവരിനോട് ചങ്ങാത്തം കൂടുവാൻ നീഗർ പലപ്പോഴായി ശ്രമിച്ചുവെങ്കിലും ബോവരിന് അതിൽ യാതൊരു താത്പര്യവും ഇല്ലായിരുന്നു. അങ്ങനെയിരിക്കെ കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ബോവർ ചീത്തയായ വാക്കുകൾ നീഗരിനെതിരെ ഉപയോഗിക്കുവാൻ തുടങ്ങി. നീഗർ തിരിച്ച് ഒന്നും പറയാതെയിരുന്നത് ബോവറിനെ കൂടുതൽ ദേഷ്യത്തിലാക്കി. കൃഷി സ്ഥലത്തുനിന്നും ഇരുവരും മടങ്ങിയെത്തിക്കഴിഞ്ഞാൽ അടുത്ത ജോലിയെന്നത് നീഗരിന്റെ വീട്ടിലേക്ക് നോക്കി ചീത്ത പറയുക എന്നതു മാത്രമാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ കേൾക്കാതെയിരിക്കുവാൻ നീഗർ തന്റെ വീടിന്റെ വാതിൽ അടച്ചിടുവാൻ തുടങ്ങി. താൻ പറയുന്ന കാര്യങ്ങൾ നീഗർ കേൾക്കുന്നില്ല എന്നു മനസ്സിലാക്കിയ ബോവർ അവനെ ഉപദ്രവിക്കുവാനായി മറ്റൊരു പണി ചെയ്തു. എല്ലാദിവസവും തന്റെ വീട്ടിൽ നിന്നും ചീഞ്ഞതും അഴുകിയതുമായ പച്ചക്കറികളും മറ്റു വസ്തുക്കളും നീഗറിന്റെ വീടിന്റെ വാതിൽക്കൽ കൊണ്ടു വെയ്ക്കുന്നത് ഒരു പതിവാക്കി. എന്നാൽ അത്ഭുതമെന്നു പറയട്ടെ നീഗർ യാതൊന്നും പറയാതെ അതെല്ലാം വൃത്തിയാക്കുമായിരുന്നു. എന്നിരുന്നാലും നീഗറിന്റെ ഈ മൗനം ബോവറിനെ നന്നായി ചൊടിപ്പിച്ചു. അവനെക്കൊണ്ട് തിരിച്ച് വഴക്കടിക്കുവാൻ പ്രേരിപ്പിക്കുന്ന നിലയിലായിരുന്നു ബോവറിന്റെ പെരുമാറ്റം. അങ്ങനെ ഓരോ ദിവസവും പ്രയോഗങ്ങളുടെ ശൈലിയ്ക്കും മാറ്റമുണ്ടായിക്കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം ബോവർ തന്റെ കൃഷിക്ക് ഉപയോഗിക്കുന്ന കുട്ടയിൽ ചപ്പുചവറുകളും ചീഞ്ഞ സാധനങ്ങളുമായി നീഗറിന്റെ വീടിന്റെ വാതിൽക്കൽ കൊണ്ടു വെച്ചു. ഈ പ്രാവശ്യം അവൻ പെട്ടതു തന്നെ ബോവർ വിചാരിച്ചു. കാരണം ഈ കുട്ട നശിപ്പിച്ചാൽ ഇനി അതിന്റെ പേരിൽ വഴക്കടിക്കാമല്ലോ. അങ്ങനെ പതിവു പോലെ നീഗർ തന്റെ വീടിന്റെ വാതിൽ തുറന്നു. നോക്കിയപ്പോൾ ഇതാ ബോവറിന്റെ കുട്ടയും അതിൽ നിറയെ പാഴ് വസ്തുക്കളും! അവൻ അതെടുത്തുകൊണ്ട് വീടിന്റെ പിന്നിലേക്ക് പോയി. കുട്ടയിലെ സാധനങ്ങളെല്ലാം കുഴിയിൽ കളഞ്ഞതിനു ശേഷം കുട്ട വൃത്തിയായി കഴുകി. എന്നിട്ട് തന്റെ പ്രധാനപ്പെട്ട കൃഷിയുടെ വിളവായ ആപ്പിളുകൾ കഴുകി വൃത്തിയാക്കി കുട്ടയിൽ അടുക്കി വെച്ചു. എന്നിട്ട് ഒരു കുറിപ്പ് എഴുതി അതിനുള്ളിൽ വെച്ചിട്ട് ആപ്പിൾ കുട്ട ഒരു തുണികൊണ്ട് മൂടി. പിന്നീട് അതെടുത്ത് ബോവറിന്റെ വീട്ടിലേക്ക് പോയി. ബോവർ ജനാലയിലൂടെ നോക്കിയപ്പോൾ ഇതാ നീഗർ തന്റെ കുട്ടയുമായി വരുന്നു. ഇന്ന് അവൻ വഴക്കുണ്ടാക്കിയതു തന്നെ എന്നു വിചാരിച്ച് നീഗറിന്റെ വാക്കുകൾക്കായി കാതു കൂർപ്പിച്ചിരുന്നു. എന്നാൽ യാതൊന്നും പറയാതെ നീഗർ കുട്ട വാതിൽക്കൽ വെച്ച ശേഷം മടങ്ങിപ്പോയി. താൻ കൊടുത്തു വിട്ട സാധനങ്ങൾ തന്നെയാണ് തിരികെ പൊതിഞ്ഞ് കുട്ടയിലാക്കിയിരിക്കുന്നത് എന്നു ചിന്തിച്ച് കുട്ട തുറന്ന ബോവർ അന്തിച്ചു പോയി. ഇതാ ഒരു കുട്ട നിറയെ ആപ്പിൾ! അ

തിന്റെ കൂടെ ഒരു കുറിപ്പും; അത് ഇപ്രകാരമായിരുന്നു ഒരുവൻ ഏതിലാണോ ധനവാനായിരിക്കുന്നത് അതിൽ നിന്നും മാത്രമേ മറ്റുള്ളവർക്ക് കൊടുക്കുവാൻ കഴിയൂ, എന്റെ ധനം ഈ ആപ്പിളുകൾ മാത്രമാണ്. ഈ കുറിപ്പ് ബോവറിനെ വല്ലാതെ ചിന്തിപ്പിച്ചു. താൻ ഏതിലൊക്കെയാണ് ധനവാനായിരിക്കുന്നതെന്ന് ആലോചിച്ചു. ചീത്ത വർത്തമാനത്തിൽ, പാഴ് വസ്തുക്കളിൽ, കുശാഗ്രബുദ്ധിയിൽ, അങ്ങനെ പോകുന്നു ഒരു നീണ്ട നിര. തന്റെ തെറ്റ് മനസ്സിലാക്കിയ ബോവർ നീഗറിനോട് മാപ്പ് പറയുകയും നല്ല കാര്യങ്ങളുടെ ധനികനാകുവാൻ ശ്രമിക്കുകയും ചെയ്തു.

പ്രിയ കൂട്ടുകാരേ, പണം കൊണ്ടു മാത്രമല്ല ഒരാൾക്ക് ധനികനാകുവാൻ കഴിയുന്നത്. നാം എന്തിലാണ് ധനികരായിരിക്കുന്നത്? നല്ല സ്വഭാവത്തിൽ, നല്ല വ്യക്തിത്വത്തിൽ, മറ്റുള്ളവരോടുള്ള ബഹുമാനത്തിൽ, നല്ല സംസാരത്തിൽ, നല്ല പെരുമാറ്റത്തിൽ നാം ധനികരാണോ? ഈ കാര്യങ്ങൾ നമുക്ക് ഏറ്റവും ഉണ്ടെങ്കിലേ ഇവയെ നമുക്ക് മറ്റുള്ളവർക്ക് നൽകുവാൻ കഴിയൂ. ഇനി ചിന്തിക്കുക ഇപ്പോൾ നാം മറ്റുള്ളവർക്ക് നൽകുന്ന നമ്മുടെ പ്രവൃത്തികൾ, വാക്കുകൾ എന്നിവ നമ്മുടെ നല്ല ധനമാണോ? ദൈവവചനം ഇപ്രകാരം പറയുന്നു, "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്നും നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടൻ ദോഷമായതിൽ നിന്നും ദോഷം പുറപ്പെടുവിക്കുന്നു" (ലൂക്കോസ് 6:45).

## ഓർമ്മക്കുറിപ്പുകൾ

എസ്.ബി.എസ് ജനറൽ ക്യാമ്പ് 2016

### പി.കെ മാത്യൂസ്

(എം ഇ സിയോടോപ്പം ബാലസംഘത്തിന്റെ സ്ഥാപകനായിരുന്ന പി കെ മാത്യൂസ് ജ്യേഷ്ഠൻ എന്നനിലയിൽ തന്റെ മരണം വരെയും പ്രവർത്തിച്ചു. സോവനീറിനു വേണ്ടി 2003 ൽ നല്കിയ അഭിമുഖത്തിൽ നിന്ന്.)

***ബാലസംഘം ജനറൽ ക്യാമ്പുകളുടെ തുടക്കത്തെപ്പറ്റി ഒന്നു വിശദീകരിക്കാമോ?***

ജനറൽ ക്യാമ്പുകളുടെ ആരംഭമാണ് ബാലസംഘത്തിന് ഒരു പ്രത്യേക ചൈതന്യം വരുത്തിയത്. കീഴ്‌വായ്പ്പൂർ സ്വദേശിയായ ജോൺകുര്യൻ എന്ന ബാലസംഘാംഗത്തെ രോഗിയായി മധുരയിൽ കൊണ്ടുവരികയും അവിടെവെച്ച് മരിക്കുകയും ചെയ്തു. ആ ബാലന് സുവിശേഷകൻ ബാലസംഘത്തോടുണ്ടായിരുന്ന താല്പര്യത്തെ പരിഗണിച്ച് കുട്ടികൾക്കായി ഒരു ക്യാമ്പ് ക്രമീകരിക്കുന്നതിനായി അവന്റെ മാതാപിതാക്കൾ 100 രൂപ സംഭാവന ചെയ്തു. അങ്ങനെ 1959 മെയ് മാസം (26–30 വരെ) കല്ലിശ്ശേരിയിൽ വെച്ച് നടത്തിയ ആദ്യത്തെ ക്യാമ്പിൽ 100–ൽപ്പരം ബാലികാബാലന്മാർ സംബന്ധിച്ചു. രണ്ടാമത്തെ ജനറൽ ക്യാമ്പ് മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ വെച്ച് 1960–ൽ (മെയ് 24 മുതൽ 28 വരെ) നടന്നു. സംഗീതാഭ്യസനം, പ്രബോധനം, ഗ്രൂപ്പുതിരിഞ്ഞുള്ള ക്ലാസ്സുകളും, പ്രാർത്ഥനയും, ജാഥ എന്നിവയും വാക്യം ചൊല്ലൽ, പ്രസംഗം, കഥാകഥനം, സംഗീതം, വേദവിജ്ഞാനം, വേദപരിചയം, കവിതാരചന എന്നിവയിലുള്ള മത്സരങ്ങളും ആരംഭം മുതൽ തന്നെ ജനറൽ ക്യാമ്പുകളിലെ പ്രധാന പരിപാടികളായിരുന്നു.

അങ്ങനെ കേരളത്തിന്റേയും തമിഴ്നാടിന്റേയും വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന ബാലസംഘാംഗങ്ങൾക്ക് ഒരുമിച്ച് സമ്മേളിക്കുന്നതിനും സന്തോഷിക്കുന്നതിനും സാധിച്ചതിലൂടെ ബാലസംഘത്തിന് ഒരു നവജീവൻ ഉണ്ടായി. സഭകളിലുള്ള ഭിന്നതകളോ, അഭിപ്രായവ്യത്യാസങ്ങളോ ഒന്നും വകവെയ്ക്കാതെ കൊച്ചു കുട്ടികൾ ഒരുമിച്ച് കൂടി കർത്താവിനെക്കുറിച്ച് പഠിക്കുന്നതിനും, അവിടുത്തെ പാടിസ്തുതിക്കുന്നതിനും തങ്ങളുടെ ജീവിതത്തിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിനും ജനറൽ ക്യാമ്പുകൾ കാരണമായിത്തീർന്നു. മാത്രമല്ല, പല ബാലികാബാലന്മാർക്കും നേതൃത്വപരമായ കഴിവുകൾ സമ്പാദിക്കാനും ഈ ജനറൽ ക്യാമ്പുകൾ ഉപകരിച്ചു.

***ക്യാമ്പുകളുടെ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധയാകർഷിച്ചവ?***

ബാലസംഘം ക്യാമ്പുകളുടെ ചരിത്രത്തിൽ എടുത്തു പറയാനുള്ള ഒരു പ്രത്യേക സംഭവം 1977–ൽ കുമ്പനാട്ടുവെച്ചു നടന്ന ജനറൽ ക്യാമ്പിനോടു ചേർന്നു നടത്തിയ രജതജൂബിലി സമ്മേളനവും, 2003–ൽ നടന്ന ഗോൾഡൻ ജൂബിലി സമ്മേളനവും ആണ്. ഗോൾഡൻ ജൂബിലി ക്യാമ്പിൽ നടന്ന സ്തോത്രസമ്മേളനത്തിൽ മൂവായിരത്തിലധികം ആളുകൾ സംബന്ധിച്ചു.

**ജോൺ സെബാസ്റ്റ്യൻ**

# അന്ത്യനിയോഗമേറ്റെടുത്ത് ഒരു
# ആത്മസമർപ്പണം

അനുഗൃഹീതരായ മിഷണറിമാരുടെ ആത്മസമർപ്പണവും അവരെ രൂപാന്തരപ്പെടുത്തിയ ആത്മനാഥന്റെ ശക്തിയിൽ ആശ്രയിച്ച് ചെയ്ത പ്രവർത്തനഫലങ്ങളും അവർണ്ണനീയമായി അനുഭവിച്ചവരാണ് കേരളജനത. നമ്മുടെ രാജ്യത്തിന്റെ പടിഞ്ഞാറേ തീരങ്ങളിൽ സുവാർത്താ സന്ദേശത്തിന്റെ വൻകൊടുങ്കാറ്റ് ഇളക്കിവിടേണ്ടതിന് ദൈവകരങ്ങളിൽ ഉപയോഗപ്പെടുത്തുവാൻ ബാസൽ മിഷന് ഭാഗ്യമുണ്ടായി. ജർമ്മൻകാരായ ബാസൽ മിഷണറിമാർ ആദ്യം ഇന്ത്യയിൽ എത്തിയത് 1843-ൽ ആയിരുന്നു. അന്ന് വന്നവരിൽ ഒരാളായ സാമുവൽ ഹെബിക്ക്, ആയിരക്കണക്കായ ആളുകളിൽ ആത്മീയാനുഗ്രഹം സമ്മാനിച്ച ആത്മാവിനാലുള്ള വീണ്ടും ജനനത്തിന് ദൈവകരങ്ങളാൽ ഉപയോഗപ്പെട്ട തികഞ്ഞ ഭക്തനായിരുന്നു. പാപപരിഹാരാർത്ഥം മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൽ വിശ്വസിച്ച് പാപക്ഷമയും, സമാധാനവും, സന്തോഷവും കണ്ടെത്തിയ ഹെബിക്ക് ജീവിക്കുന്ന ക്രിസ്തുവിനെ മനുഷ്യന്റെ സകലപ്രശ്നങ്ങൾക്കും, ചോദ്യങ്ങൾക്കും ഉത്തരമായി പരിചയപ്പെടുത്തി. ബെൽഗാം, മംഗലാപുരം, ധാർവാർ, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളായിരുന്നു ഇദ്ദേഹത്തിന്റെ പ്രധാന പ്രവർത്തന സ്ഥലങ്ങൾ. നിതാന്ത പരിശ്രമവും നിയോഗനിശ്ചയവും നിർമ്മലമനസ്സും നിരന്തര പ്രാർത്ഥനയും കോർത്തിണക്കിയുള്ള അദ്ധ്വാനഫലം നിത്യതയിലെ നിർണ്ണയിക്കാനാവൂ. വലിയ പ്രാർത്ഥനാമനുഷ്യനും, ഭക്തനുമായി ജീവിച്ചാൽ സഭാചരിത്രത്തിൽ സ്ഥാനം പിടിക്കാമെന്നു മാത്രമല്ല, സാക്ഷികളുടെ സമൂഹത്തിൽ സ്വർഗ്ഗീയനുമൊത്ത് സന്തോഷിക്കാമെന്നുമാണ് ഹെബിക്ക് ചരിത്രം വിരൽ ചൂണ്ടുന്നത്.

തെരുവു പ്രസംഗങ്ങളും ഭവനയോഗങ്ങളും പതിവായി നടത്തി സുവിശേഷം പ്രചരിപ്പിച്ച തനിക്ക് എതിർപ്പുകളും നേരിടേണ്ടി വന്നു. ഒരിക്കൽ മംഗലാപുരത്തെ കപ്പൽജോലിക്കാരോട് സുവാർത്ത പറയുവാൻ ചെന്നപ്പോൾ അവർ ചീട്ടുകളിയിൽ മുഴുകിയിരിക്കയാൽ ശ്രദ്ധിച്ചില്ല. ദൈവപുരുഷൻ മുറിയിൽ ചെന്ന് അവർക്കായി പ്രാർത്ഥനയിൽ മുഴു

## ഓർമ്മക്കുറിപ്പുകൾ

**ഫിലിപ്പ് എബ്രഹാം, കല്ലിശ്ശേരി**

(ഗ്വാളിയറിൽ ദീർഘവർഷങ്ങൾ മിഷണറിയായിരുന്നു.)

"...ബാലസംഘത്തിന്റെ ഒന്നാമത്തെ ജനറൽ ക്യാമ്പ് കല്ലിശ്ശേരിയിൽ നടന്നപ്പോൾ അതിൽ എന്റെ പങ്ക് ഭക്ഷണം വിളമ്പിക്കൊടുക്കുന്നവരുടെ കൂടെയായിരുന്നു. വളരെ സന്തോഷത്തോടുകൂടി ആ ശുശ്രൂഷ നിർവ്വഹിപ്പാൻ കർത്താവ് സഹായിച്ചു. ക്യാമ്പുകളിലെ മത്സരങ്ങളിൽ വിജയികളാകാത്തവർക്ക് പ്രോത്സാഹനം നൽകുവാനും സാധിച്ചിട്ടുണ്ട്.

എസ്.ബി.എസിന്റെ ശുശ്രൂഷകളെ ദൈവം അധികമായി അനുഗ്രഹിക്കട്ടെ. അതിൽ പ്രവർത്തിക്കുന്ന ഏവരേയും കർത്താവ് ബലപ്പെടുത്തട്ടെ. അനേക കുഞ്ഞുങ്ങൾ നിത്യസന്തോഷത്തിന്റെ അവകാശികളാകട്ടെ എന്നും പ്രാർത്ഥിക്കുന്നു"

കി. അധികം താമസിയാതെ അതാ വാതിലിൽ മുട്ടിവിളിക്കുന്ന ശബ്ദം! തുറന്നു നോക്കിയപ്പോൾ ഞങ്ങൾ പ്രസംഗം കേൾക്കുവാൻ തയ്യാറാണെന്ന് പറഞ്ഞ് നിൽക്കുന്ന ചീട്ടുകളിക്കാരെയാണ് കണ്ടത്.

സുവിശേഷപ്രസംഗത്തിന് ദൈവത്തിന്റെ നിയോഗം നിങ്ങൾക്കുണ്ടോ എന്നു ചോദിച്ചവരോട് ആകാശത്തിന്റെയും ഭൂമിയുടേയും ദൈവമാണ് നിയോഗിച്ചിട്ടുള്ളതെന്നു പറഞ്ഞപ്പോൾ ശത്രുക്കൾ നിശബ്ദരായി. നമുക്ക് ഉണ്ടാകേണ്ട എത്ര നല്ല നിയോഗനിശ്ചയം! നൂറുകണക്കായ ആളുകൾ ക്രിസ്തുവിൽ വിശ്വസിക്കുകയും, സ്നാനം സ്വീകരിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ സാക്ഷിയാകുവാൻ ഒരു ഉദ്യോഗസ്ഥനെ വീട്ടിൽ ചെന്ന് കണ്ടപ്പോൾ എനിക്ക് നിങ്ങളോട് കാര്യമില്ല പൊയ്ക്കോൾക എന്നു പറഞ്ഞു. ഉടനെ സായിപ്പിന്റെ മറുപടി എനിക്ക് നിങ്ങളോട് കാര്യം ഉണ്ട്. 3 ദിവസം തുടർച്ചയായി കടന്നുചെന്ന് വീട്ടുമുറ്റത്ത് നിന്ന് സുവിശേഷം പറഞ്ഞതിനാൽ ആ ഉദ്യോഗസ്ഥൻ രക്ഷിക്കപ്പെടുവാൻ ഇടയായി.

കണ്ണൂരിൽ തളിപ്പറമ്പ്, പയ്യന്നൂർ തുടങ്ങിയ സ്ഥലങ്ങളിൽ പ്രസംഗിച്ചിരുന്ന ഹെബിക്കിനെ ഓടിക്കുവാൻ ശത്രുക്കൾ ആനയെ ഇളക്കി വിടുവാൻ പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ ക്രിസ്തുഭക്തന്റെ മുമ്പിൽ നിന്ന് ആന വിരണ്ട് ഓടിയ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

16 വർഷങ്ങളിലെ നിരന്തരമായ അദ്ധ്വാനത്താൽ രോഗബാധിതനായ ഭക്തൻ ഫ്രാൻസിലേക്ക് പോയി. സുവിശേഷ പ്രസംഗം തുടർന്നു. 1868 മെയ് 21-ന് പ്രശ്നപൂർണ്ണമായ ഇഹലോകവാസത്തിൽ നിന്നും പ്രകാശപൂർണ്ണമായ പരലോകവാസത്തിനായുള്ള പരമപിതാവിന്റെ വിളി തന്നെ സ്വാഗതം ചെയ്തു. വിവിധ രാജ്യങ്ങളിൽ മിഷണറി വേല ചെയ്ത് വിശ്രമിക്കുന്നവരും റിട്ടയേർഡ് ജീവിതം നയിക്കുന്നവരുമായ മിഷണറിമാരുടെ ന്യൂസിലാന്റിലെ ഒരു ആസ്ഥാനം 1992-ൽ സന്ദർശിച്ച് പ്രസംഗിക്കുമ്പോൾ ഞാൻ കേട്ട ഒരു മിഷണറി കമന്റ് ഇവിടെ കുറിക്കുന്നു. "നീ കാണുന്ന ഈ മനോഹരരാജ്യവും, സുഖസൗകര്യങ്ങളും ത്യജിച്ചാണ് ഇന്ത്യയിൽ വന്നതെന്ന കാര്യം വിസ്മരിക്കാതിരിക്കുക." മറക്കാനാവാത്ത മഹാത്യാഗത്തിന്റെ ആ മൃദുല സ്വരങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ മുഴങ്ങിയെങ്കിൽ അതെ, ആർക്കും അവഗണിക്കാനാവാത്ത കാൽവറി ത്യാഗത്തിനും, സ്നേഹത്തിനും മുമ്പിൽ നാം ത്യജിക്കുന്ന ഒന്നും അധികമാവില്ല. ദൈവസ്നേഹം നമ്മെ നിർബ്ബന്ധിക്കുന്നുണ്ടോ? നാഥന്റെ നിയോഗം നമ്മെ നിർണ്ണായക തീരുമാനത്തിലേക്ക് നയിക്കുന്നുണ്ടോ? നമ്മെയും നമുക്കുള്ളതിനേയും നിത്യതയ്ക്കായി സമർപ്പിക്കുന്നത് നഷ്ടമോ? ഇതിനെല്ലാം ഉത്തരം ....

# ക്രിസ്ത്യാനിയാണോ?



ഡി.എൽ.മൂഡി ഒരു രാത്രിയിൽ തന്റെ വീട്ടിലേക്ക് പോകുമ്പോൾ ഒരു മനുഷ്യൻ വിളക്കുമരത്തിന്റെ ചുവട്ടിൽ ഇരിക്കുന്നത് കണ്ടു. മൂഡി അയാളെ സമീപിച്ച് ഒരു ക്രിസ്ത്യാനിയാണോ എന്ന് ആരാഞ്ഞു. 'നിങ്ങളുടെ കാര്യം നോക്കി പോകൂ' എന്ന് അയാൾ ആക്രോശിച്ചു. ശാന്തനായി മൂഡി മറുപടി നൽകി. താങ്കളെ വേദനിപ്പിച്ചെങ്കിൽ എന്നോടു ക്ഷമിക്കുക. തുറന്നു പറയട്ടെ ഇതുതന്നെയാണ് എന്റെ പ്രധാന കാര്യം. ഇത്രയും പറഞ്ഞ് മൂഡി സ്ഥലം വിട്ടു.

ഏതാനും മാസങ്ങൾക്കുശേഷം ഒരു ദിവസം മൂഡിയുടെ വീട്ടിന്റെ വാതിൽക്കൽ ഒരാൾ മുട്ടിവിളിച്ചു. മൂഡി വാതിൽ തുറന്നപ്പോൾ ഒരു അപരിചിതനെയാണ് കണ്ടത്. അയാൾ ആമുഖമില്ലാതെ ഇങ്ങനെ പറഞ്ഞു. 'വിളക്കുകാലിന്റെ ചുവട്ടിൽ വെച്ച് താങ്കളോടു ക്രൂരമായി പെരുമാറിയതിൽ എന്നോടു ക്ഷമിക്കുക. ആ രാത്രി മുതൽ എനിക്ക് ഹൃദയത്തിൽ യാതൊരു സമാധാനവും ഇല്ല. എനിക്ക് ക്രിസ്ത്യാനിയാകണം താങ്കൾ എന്നെ സഹായിക്കുമോ? മൂഡി ആ വ്യക്തിയെ യേശുക്രിസ്തുവിങ്കലേക്ക് നയിച്ചു.

## ഗോഡ്സൺ വാലയിൽ



കൂട്ടുകാരേ, സ്കൂൾ തുറന്നു, പാഠങ്ങൾ എല്ലാം ആരംഭിച്ചു. പുതിയ പുതിയ അറിവുകൾ ഓരോ ദിനവും നേടിക്കൊണ്ടിരിക്കുന്നു. ഏലിയാവിന്റെ പിൻഗാമിയായ ഏലീശ പ്രവാചകനെക്കുറിച്ച് നിങ്ങൾ സണ്ടേസ്കൂളിൽ പഠിച്ചിട്ടില്ലേ? ആബേൽ മെഹോല പട്ടണത്തിലെ ഒരു ധനിക കർഷകനായ സാഹാത്തിന്റെ മകനായിരുന്നു എലീശ. വളരെ കഠിനാദ്ധ്വാനിയായിരുന്നു അവൻ. ദൈവം ഏലിയാവിനോട് ആജ്ഞാപിച്ചതനുസരിച്ച് ഏലീശയുടെ അടുക്കൽ എത്തിയപ്പോൾ താൻ വേറെ പതിനൊന്നു ജോലിക്കാരോടു കൂടെ കാളയെ ഉഴുതുകൊണ്ടിരിക്കുകയായിരുന്നു. പന്ത്രണ്ടാമത്തെ ഏർ കാളയെ ഏലീശ തന്നെയാണ് ഉഴുതുകൊണ്ടിരുന്നത്. നമ്മുടെ ജീവിതത്തിൽ ദൈവം നൽകിയ ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ ചെയ്യേണ്ടവരാണ് നാം. ഭാവിയിൽ താൻ ക്രിക്കറ്റിലെ വലിയ താരമാകും എന്നു സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന ഒരു വ്യക്തി വീട്ടിൽ വെറുതെയിരുന്നാൽ എവിടെയും എത്താൻ കഴിയുകയില്ല. കളിയുടെ ബാലപാഠങ്ങളിൽ പ്രാവീണ്യം നേടണം. ചെറിയ കളികളിൽ മികവ് കാട്ടണം. അങ്ങനെ പതിയെപ്പതിയെ വലിയ ലക്ഷ്യത്തിൽ എത്തുവാൻ കഴിയുകയുള്ളൂ. ഏതൊരു ലക്ഷ്യത്തിൽ എത്തണമെങ്കിലും വലിയവനായ ദൈവത്തിന്റെ സഹായവും കൃപയും ലഭിക്കണം. ദിനവും ദൈവത്തോട് പ്രാർത്ഥനയിലൂടെ അടുത്ത് ചെല്ലണം. ദൈവവചനം വായിക്കണം. നിരന്തരമായ പരിശ്രമവും കഠിനാദ്ധ്വാനവും നമ്മെ വിജയത്തിൽ എത്തിക്കും. ●

## ഓർമക്കുറിപ്പുകൾ

എസ്.ബി.എസ് ജൂബിലി ക്യാമ്പ് 2016

**പ്രൊഫ. ചെറിയാൻ മാത്യു, ചെങ്ങന്നൂർ**
ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന ചെറിയാൻ സാർ എസ് ബി എസ് ക്യാമ്പ്സെന്റർ ട്രസ്റ്റിന്റെ സെക്രട്ടറിയായിരുന്നു.

"...ഏതൊരു പ്രസ്ഥാനവും ആരംഭിക്കുക എന്നത് ആയാസരഹിതപ്രവൃത്തിയാണ്. തുടങ്ങിയത് പലതും തുടരാതിരിക്കുന്നത് നാം കണ്ടു മനസ്സിലാക്കിയിട്ടുള്ള ഒരു സത്യമാണ്. എന്നാൽ കർതൃദാസൻ എം.ഇ ചെറിയാൻ തുടക്കം കുറിച്ച ബാലസംഘം അരനൂറ്റാണ്ടിനുശേഷവും നിലനിൽക്കുന്നതു കണ്ട് സന്തോഷിക്കുവാനും ദൈവത്തെ മഹത്ത്വപ്പെടുത്തുവാനും സാധിക്കുന്നു. ഈ പ്രവർത്തനത്തിന്റെ ദർശനവും കാഴ്ചപ്പാടും ദൈവനിയോഗത്താൽ രൂപപ്പെട്ടതും മാനുഷിക ചിന്തകൾക്കതീതവുമാണ്.

ബാലസംഘാംഗങ്ങളായ കുഞ്ഞുങ്ങളുടെ രക്ഷാകർത്താവെന്നനിലയിൽ ബാലസംഘപ്രവർത്തനങ്ങളെ വിലയിരുത്തുവാനുള്ള അവകാശം വിനിയോഗിക്കുമ്പോൾ ഈ പ്രവർത്തനം എന്റെ മക്കൾക്ക് ആത്മികവളർച്ചയിൽ ഏറെ സഹായിച്ചുകൊണ്ടിരിക്കുന്നു എന്നു പറയാൻ വളരെ സന്തോഷമുണ്ട്"

**രാജു കെ തോമസ്, വടശേരിക്കര**
(എസ് ബി എസ് ട്രസ്റ്റ് സെക്രട്ടറി)

"...കുഞ്ഞുങ്ങളുടെ ആത്മീകാഭിവൃദ്ധിയെ ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബാലസംഘവുമായി ബന്ധപ്പെടുവാൻ 1970 മുതൽ എനിക്ക് സാധിച്ചിട്ടുണ്ട്. എന്റെ മാതൃസഭയിൽ (തടിയൂർ) വളരെ സജീവമായ ഒരു ശാഖയുണ്ടായിരുന്നു. സി.ജെ ഈശോസാർ ഈ ശാഖയെ ശരിയായ രീതിയിൽ നയിച്ചിരുന്നു. ആ കാലത്ത് നടന്ന ക്യാമ്പുകളിൽ തടിയൂർ ശാഖ കൂടുതൽ പോയിന്റുകൾ വാങ്ങി ട്രോഫികൾ നേടിയിട്ടുണ്ട്. ബാലസംഘത്തിൽ പ്രവർത്തിച്ചതിന്റെ ഫലമായി ലഭിച്ച ആത്മീക പരിചയവും അനുഭവവും പിൽക്കാലത്ത് പല പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ എനിക്ക് പ്രചോദനമായിട്ടുണ്ട്. ജോലിയോടുള്ള ബന്ധത്തിൽ ബോംബെയിലും സൗദിയിലും ആയിരുന്നപ്പോൾ പല ആത്മിക പ്രവർത്തനങ്ങളിലും പങ്കെടുക്കുവാൻ കഴിഞ്ഞത് ബാലസംഘത്തിൽനിന്നും എനിക്കു ലഭിച്ച പരിശീലനങ്ങളാണ്. നാട്ടിൽ മടങ്ങിയെത്തിയശേഷം വീണ്ടും ഈ പ്രവർത്തനങ്ങളുമായി സഹകരിച്ചു പോകുവാൻ ദൈവം കൃപ നൽകി"

# ഓർമക്കുറിപ്പുകൾ

**സാബു കെ ബേബി, ബഹറിൻ**

(മുൻ വാളകം സെന്റർ സെക്രട്ടറി)

"...1977–ൽ കുമ്പനാട്ടുവെച്ച് നടന്ന രജതജൂബിലി ക്യാമ്പിൽ എനിക്ക് പങ്കെടുക്കുവാൻ സാധിച്ചു. അവിടെ വെച്ച് യേശുകർത്താവിനെ രക്ഷിതാവും കർത്താവും ആയി സ്വീകരിക്കുവാൻ കഴിഞ്ഞു. ആദ്യമായി ആണ് ഞാൻ ഒരു ക്യാമ്പിൽ പങ്കെടുത്തത്. പുതിയ പാട്ടുകൾ, മനോഹരമായ ക്ലാസ്സുകൾ, പുതിയ കൂട്ടുകാർ അങ്ങനെ ബാലസംഘം എന്നിൽ വളരുവാൻ തുടങ്ങി. ക്യാമ്പ് കഴിഞ്ഞ് വീട്ടിൽ വന്നു ഞാൻ രക്ഷിക്കപ്പെട്ടു എന്നു പറയുമ്പോൾ എന്റെ മാതാപിതാക്കൾക്ക് അത് എന്താണെന്നു പോലും അറിയില്ലായിരുന്നു. ഒരു വർഷം കഴിഞ്ഞ് ഞാൻ സ്നാനപ്പെട്ടു. അനേക എതിർപ്പുകൾ ആ നിലയിൽ നേരിടേണ്ടി വന്നു. അപ്പോൾ ദൈവത്തിൽ കൂടുതൽ ആശ്രയിക്കാൻ കഴിഞ്ഞു. ബാലസംഘം മീറ്റിംഗുകളിൽ വന്നതുകൊണ്ടാണ് എനിക്ക് കർത്താവിനെ കണ്ടെത്തുവാൻ കഴിഞ്ഞത്. അല്ലായിരുന്നെങ്കിൽ ഒരിക്കലും ഈ യേശുവിനെ കാണുവാൻ കഴിയുകയില്ലായിരുന്നു. അനേക കുഞ്ഞുങ്ങളോട് എന്നെ രക്ഷിച്ച യേശുകർത്താവിനെക്കുറിച്ച് പറയുവാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഞാൻ ജോലിയോട് ഉള്ള ബന്ധത്തിൽ ബഹറിനിൽ ആയിരിക്കുമ്പോഴും മനസ്സിൽ മായാതെ ആ നല്ല നാളുകൾ ഓടിവരുന്നു. ബാലസംഘംമൂലം ഞങ്ങൾക്ക് കുടുംബമായി യേശുകർത്താവിനെ കണ്ടെത്തുവാൻ കഴിഞ്ഞു. ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരേയും ദൈവം കൂടുതലായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു"

**തോമസ് ചാണ്ടി കോട്ടയം**

ക്യമ്പ് സെന്റർ ട്രസ്റ്റ് പ്രസിഡന്റ്

1991 ലെ ജനറൽ ക്യാമ്പിൽ വച്ച് എസ്.ബി.എസിന് സ്വന്തമായി ഒരു ക്യമ്പ് സെന്റർ ഉണ്ടാകണമെന്ന് തീരുമാനിച്ചു. 1992 ൽ പുത്തൻകാവിൽ സ്ഥലം വാങ്ങിച്ചു. 1995 ൽ ഒന്നാംഘട്ട പണികൾ ആരംഭിച്ചു. 2003 ൽ എസ്.ബി.എസ് ഗോൾഡൻ ജൂബിലി ക്യാമ്പ് പരിമിതികൾക്കിടയിലും ക്യാമ്പ് സെന്ററിൽവെച്ചാണ് നടന്നത്. ക്യാമ്പ് സെന്ററിൽ വിശാലമായ മൈതാനവും അത്യാവശ്യ സൗകര്യങ്ങളും, പന്തലുകളും ക്രമീകരിച്ച് 1500 പേർക്കുള്ള ക്യാമ്പ് അനുഗ്രഹകരമായി നടക്കുവാൻ ഇടയായി. സ്തോത്ര സമ്മേളനത്തിൽ 3500–ഓളം പേർ കടന്നുവന്ന് ദൈവത്തെ മഹത്വപ്പെടുത്തിയത് ക്യാമ്പ് സെന്ററിന്റെ ചരിത്രത്തിൽ മറക്കാനാവാത്ത സംഭവമാണ്. ദൈവനാമം മഹത്വപ്പെടട്ടെ. സ്വദേശത്തും വിദേശത്തും നിന്നുമായി കടന്നുവന്ന വിശ്വാസികൾക്ക് ക്യാമ്പ് സെന്ററിന്റെ ആവശ്യകതയും ഇപ്പോഴത്തെ അപര്യാപ്തതകളും ബോധ്യപ്പെട്ടു"

**തോമസ് ജോർജ്ജ്, ന്യൂയോർക്ക്**

കല്ലിശ്ശേരി മുൻ സെന്റർ സെക്രട്ടറി

"...എസ്.ബി.എസ് ക്യാമ്പുകൾ വരുമ്പോൾ ഞങ്ങൾ മാസങ്ങൾക്കുമുമ്പ് തന്നെ അതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങും. ഒന്നിച്ചു കൂടി പാട്ടുപാടിയുള്ള പോക്കും, ക്യാമ്പിലെ താമസവും വളരെ അധികം സന്തോഷം ഉളവാക്കുന്നതായിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വന്നിട്ടുള്ള കുട്ടികളേയും ലീഡേഴ്സിനേയും പരിചയപ്പെടുവാൻ സാധിച്ചത് ഒരു പ്രത്യേക അനുഭവമായിരുന്നു"

**ടോം എം. എബ്രഹാം, അബുദാബി**

മുൻ സൗത്ത് ഡിവിഷൻ സെന്റർ സെക്രട്ടറി

"...കുഞ്ഞുങ്ങളുടെ ആത്മിക അഭിവൃദ്ധിയെ ലക്ഷ്യമാക്കി വിലയേറിയ ശുശ്രൂഷകൾ ചെയ്യുവാൻ എസ്.ബി.എസ്സിനു കഴിഞ്ഞിട്ടുണ്ട്. ബാലസംഘത്തിന്റെ പ്രാരംഭത്തിൽ അംഗങ്ങളായിരുന്നവരിൽ ഏറിയ പങ്കും തികഞ്ഞ ആത്മീയ പക്വതയുള്ള വിശ്വാസികളായി ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. ഇവരിൽ പലരും സുവിശേഷകന്മാരും, സഭാമൂപ്പന്മാരും, ഉപദേഷ്ടാക്കന്മാരുമാണ്.

ഞാൻ പങ്കെടുക്കുകയും സംഘടിപ്പിക്കുകയും ചെയ്ത പല ക്യാമ്പുകളുടെയും ഏകദിന സമ്മേളനങ്ങളുടെയും ഓർമ്മകൾ ഇന്നും മനസ്സിൽ തങ്ങിനിൽക്കുന്നു. ബാലസംഘത്തിൽ നിന്നും ലഭിച്ച ബാലപാഠങ്ങളും പരിശീലനങ്ങളും എന്റെ ആത്മീക ജീവിതത്തിന് എന്നും ഒരു മുതൽക്കൂട്ടാണ്. എം.ഇ ചെറിയാൻ സാറിന്റെ നേതൃത്വപാടവം എക്കാലത്തും എനിക്ക് മാതൃക തന്നെ"

**വി.എം മാത്യു, കുമ്പനാട്**

(നിത്യതയിൽ വിശ്രമിക്കുന്ന പാപ്പച്ചൻ ഉപദേശി എന്നറിയപ്പെടുന്ന വി. എം മാത്യു ബാലസംഘത്തിന്റെ പ്രാരംഭനാളുകൾ മുതൽ സജീവ പ്രവർത്തകനായിരുന്നു.)

"...കർതൃസന്നിധിയിൽ വിശ്രമിക്കുന്ന എം.ഇ ചെറിയാൻ സാറുമായി അനേക വർഷത്തെ സ്നേഹവും അടുപ്പവും എനിക്കുണ്ടായിരുന്നു. സുവിശേഷ വേലയോടുകൂടെ കുഞ്ഞുങ്ങളുടെ ആത്മീകാഭിവൃദ്ധിയെ ലക്ഷ്യമാക്കി ചിലതു ചെയ്യണമെന്നുള്ള താല്പര്യം സാറിനുണ്ടായിരുന്നു. ആ താല്പര്യമാണ് ബാലസംഘത്തിന്റെ ഉത്ഭവം കുറിച്ചത്. കുട്ടികളുടെ ഇടയിലെ പ്രവർത്തനത്തിന്റെ സാദ്ധ്യത വളരെയാണെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞതു മുതൽ ബാലസംഘത്തെ ഓർത്ത് പ്രാർത്ഥിക്കുകയും എനിക്കു ലഭിച്ച സന്ദർഭങ്ങളിൽ ബാലസംഘത്തിൽ പ്രവർത്തിക്കുകയും ചെയ്തു. സെന്റർ ക്യാമ്പുകൾ, ജനറൽ ക്യാമ്പുകൾ, ഏകദിന സമ്മേളനങ്ങൾ എന്നിവയിൽ പലയിടത്തും പങ്കെടുക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. മുതിർന്ന കുട്ടികൾക്ക് ക്ലാസ്സുകൾ എടുക്കുന്നതിനും വിവിധ മത്സരങ്ങളിൽ വിധി കർത്താവായി ഇരിക്കുന്നതിനും, പൊതുനിർദ്ദേശങ്ങൾ നൽകുന്നതിനും മറ്റും കഴിഞ്ഞിട്ടുണ്ട്.

**വി.റ്റി ജോർജ്ജ്, തൃശ്ശൂർ**

(നിത്യതയിൽ വിശ്രമിക്കുന്ന വി.റ്റി ജോർജ്ജ് ബാലസംഘത്തിന്റെ സജീവ പ്രവർത്തകനും തൃശ്ശൂർ സെന്റർ പ്രസിഡന്റും ആയിരുന്നു)

"...1954 മാർച്ച് 6 ഞായറാഴ്ച്ചയാണ് തൃശ്ശൂരിൽ ബാലസംഘം ആരംഭിച്ചത്. 1956 ഡിസംബറിൽ ആദ്യത്തെ ക്യാമ്പു നടന്നു. ഉത്സാഹത്തോടെ കുട്ടികളും ആത്മനിറവോടെ പ്രവർത്തകരായ സഹോദരിസഹോദരന്മാരും ഒത്തുചേർന്നപ്പോൾ എന്തെന്തു സന്തോഷവും ആത്മചൈതന്യവുമായിരുന്നെന്നോ! നെല്ലിക്കുന്നത്തും, കിഴക്കുംപാട്ടുകരയിലും ഉള്ള ശാഖകൾ ഒത്തുചേർന്നു. ആ ക്യാമ്പിൽ ലീഡറായിരുന്നത് സഹോദരൻ എം.ഇ മത്തായി ആയിരുന്നു. ഡോ. ഗിൽമോർ ഡേവീസും അതിൽ സഹകരിച്ചിരുന്നു. ക്യാമ്പിന്റെ അവസാനദിവസം നടന്ന സാക്ഷിയോഗത്തിൽ കണ്ണുനീരോടെ കുട്ടികൾ കർത്താവിനെ സ്വന്തരക്ഷിതാവായി ഏറ്റുപറയുന്നത് കണ്ട് സന്തോഷാശ്രുക്കൾ പൊഴിക്കാത്ത സഹോദരിസഹോദരന്മാർ ഉണ്ടായിരുന്നില്ല.

ക്യാമ്പിന്റെ അവസാനദിവസം നടന്നു വന്നിരുന്ന സുവിശേഷറാലിയുടെ മുമ്പിൽ ബാനർ പിടിച്ചും പിന്നിൽ പ്ലക്കാർഡുകൾ കൈകളിലേന്തിയും സമീപസ്ഥലങ്ങളിലൂടെ അണിയണിയായി മുന്നോട്ടു നീങ്ങിയിരുന്ന കാഴ്ച വളരെ ആകർഷകവും ആത്മീയചൈതന്യം പകരുന്നതുമായിരുന്നു. ലീഡേഴ്സ് ആയ സഹോദരിമാർ ചൊല്ലി കൊടുക്കുന്ന അർത്ഥസമ്പൂർണ്ണവും, ശ്രുതിമധുരവുമായ പാട്ടുകൾ ഏറ്റുപാടിയും സഹോദരന്മാർ വിളിച്ചു പറയുന്ന വേദവാക്യങ്ങൾ ഏറ്റുപറഞ്ഞും ആ ജാഥ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു.

## ക്യാമ്പ് വിശേഷങ്ങൾ

**മൗനം ആരംഭിച്ചിരിക്കുന്നു...**

ക്യാമ്പിലെ പരിപാടികൾക്കിടയിൽ കുട്ടികൾ പരിധി വിട്ട് സംസാരിക്കുകയും കുസൃതി കാണിക്കുകയും ചെയ്യുമ്പോൾ എം. ഇ. സി ഒരു വിസിൽ അടിക്കും. അടുത്തത് ഒരു പ്രഖ്യാപനമാണ്. "മൗനം ആരംഭിച്ചിരിക്കുന്നു" അടുത്ത അരമണിക്കൂറിനുള്ളിൽ ചെറിയാൻ സാർ തന്നെ നിരോധനാജ്ഞ പിൻവലിക്കും. എന്നിട്ടുപറയും ഇനി ചില മിനിട്ടുകൾ അത്യാവശ്യമായി സംസാരിക്കാനുള്ളവർക്ക് അതിനുള്ള സമയം എടുക്കാം.

| | | | |
|---|---|---|---|
| **1959 മുതൽ നടന്ന ജനറൽ ക്യാമ്പുകളും ഡിവിഷണൽ ക്യാമ്പുകളും** | | | |
| | **സ്ഥലം** | **തീയതി** | **കുട്ടികൾ** |
| 1. | കല്ലിശ്ശേരി സഭാഹാൾ | 1959 മെയ് 26-30 | 170 |
| 2. | മാങ്ങാനം ക്രൈസ്തവാശ്രമം | 1960 മെയ് 24-28 | 125 |
| 3. | മാങ്ങാനം ക്രൈസ്തവാശ്രമം | 1961 മെയ് 14-18 | 135 |
| 4. | പത്തനംതിട്ട സെന്റ്മേരീസ് ജി.എച്ച്.എസ് | 1962 മെയ് 22-26 | 200 |
| 5. | കല്ലിശ്ശേരി സഭാഹാൾ | 1963 മെയ് 16-18 | 200 |
| 6. | കുറിയന്നൂർ സഭാഹാൾ | 1965 മെയ് 23-27 | 200 |
| 7. | എണ്ണയ്ക്കാട് സഭാഹാൾ | 1966 മെയ് 1-6 | 150 |
| 8. | മൈലപ്രാ എൻ.എം എൽ.പി.എസ് | 1967 മെയ് 15-19 | 150 |
| 9. | കൊട്ടാരക്കര എസ്.കെ.വി.എച്ച്.എസ് | 1968 മെയ് 14-18 | 150 |
| 10. | റാന്നി സീയോൻകുന്ന് സഭാഹാൾ | 1969 മെയ് 14-18 | 300 |
| 11. | കലഞ്ഞൂർ എൻ.എം.യു.പി.എസ് | 1970 മെയ് 7-11 | 300 |
| 12. | പുനലൂർ ചെമ്മന്തൂർ എച്ച്.എസ് | 1971 മെയ് 24-28 | 300 |
| 13. | കൊട്ടാരക്കര തൃക്കണ്ണാമങ്കൽ എൽ.പി.എസ് | 1972 മെയ് 23-27 | 300 |
| 14. | കുറിയന്നൂർ ചരൽക്കുന്ന് | 1973 മെയ് 8-12 | 400 |
| 15. | കോട്ടയം എം.റ്റി സെമിനാരി എച്ച്.എസ് | 1974 ഏപ്രിൽ 30-മെയ് 4 | 500 |
| 16. | റാന്നി എം.എസ്.എച്ച്.എസ് | 1975 മെയ് 6-10 | 400 |
| 17. | വടക്കൻ വിഭാഗം 1-ാം ക്യാമ്പ് തൃശൂർ റഹബോത്ത് | 1976 മെയ് 11-15 | 300 |
| 18. | കുമ്പനാട് ബെഥെസ്ദാഹാൾ | 1976 സെപ്റ്റംബർ 6-10 | 650 |
| 19. | വടക്കൻവിഭാഗം 2-ാം ക്യാമ്പ് തൃശൂർ റഹബോത്ത് | 1977 മെയ് 17-21 | 300 |
| **ജനറൽക്യാമ്പും രജതജൂബിലി സമ്മേളനവും** | | | |
| 20. | കുമ്പനാട് ബെഥെസ്ദാഹാൾ | 1977 ആഗസ്റ്റ് 29-സെപ്.3 | 650 |
| 21. | തൃശൂർ റഹബോത്ത് വടക്കൻ വിഭാഗം 3-ാം ക്യാമ്പ് | 1978 മെയ് 2-6 | 350 |
| 22. | പത്തനംതിട്ട ഗവ.ബോയ്സ് എച്ച്.എസ് | 1978 സെപ്റ്റംബർ 10-14 | 470 |
| 23. | വടക്കൻവിഭാഗം 4-ാം ക്യാമ്പ് | 1979 മെയ് 1-5 | 350 |
| 24. | കൊട്ടാരക്കര തൃക്കണ്ണാമങ്കൽ എസ്.കെ.വി.എച്ച്.എസ് | 1978 സെപ്. 3-7 | 650 |
| 25. | വടക്കൻവിഭാഗം 5-ാം ക്യാമ്പ് | 1980 മെയ് 5-9 | 300 |
| 26. | കുമ്പനാട് ബെഥസ്ദാ ഹാൾ | 1980 ആഗ. 24-28 | 800 |
| 27. | വടക്കൻവിഭാഗം 6-ാം ക്യാമ്പ് കൊരട്ടി | 1981 മെയ് 4-8 | 300 |
| 28. | അടൂർ യൂത്ത് സെന്റർ (തെക്കൻവിഭാഗം) | 1982 ആഗ. 22-സെ. 2 | 400 |
| 29. | സി.എം.എസ്.എച്ച്.എസ് കോട്ടയം (ജനറൽക്യാമ്പ്) | 1983 മെയ് | 700 |
| 30. | സാൽവേഷൻ ആർമി എച്ച്.എസ്, കവടിയാർ (തെക്കൻവിഭാഗം) | 1984 സെ. 3-7 | 700 |
| 31. | ആലുവ വൈ.എം.സി.എ (ജനറൽക്യാമ്പ്) | 1987 മെയ് | 600 |
| 32. | പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ കോളേജ് | 1991 ആഗ. 26-30 | 550 |
| 33. | കീഴില്ലം സെന്റ്തോമസ് എച്ച്.എസ് | 1991 ആ. 26-30 | 550 |
| 34. | കോട്ടയം മരിയൻ ജൂനിയർ കോളേജ് | ഏപ്രിൽ 12-16 | 600 |
| 35. | പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ കോളേജ് | 1995 | 650 |
| 36. | മൈക്കാവ് ബ്രദറൺ സഭാഹാൾ (മലബാർ) | 1996 | 200 |
| 37. | കുമ്പനാട് ബെഥെസ്ദാഹാൾ | 1997 ഏപ്രിൽ | 700 |
| 38. | കുമ്പനാട് ബ്രദറൺ സഭാഹാൾ | 1999 | |
| 39. | കുമ്പനാട് ബ്രദറൺ സഭാഹാൾ | 2001 | |
| 40. | പുത്തൻകാവ് ക്യാമ്പ് സെന്റർ ഗോൾഡൻ ജൂബിലി | 2003 | |
| (2003 ന് ശേഷം ജനറൽ, ഡിവിഷൻ തലത്തിൽ നിരവധി ക്യാമ്പുകൾ നടന്നിട്ടുണ്ട്.) | | | |

# എസ്.ബി.എസ് ജനറൽ ക്യാമ്പ് ഓണ അവധിക്കാലത്ത്

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘം ജനറൽ ക്യാമ്പ് 2016 സെപ്റ്റംബർ 12 മുതൽ 16 വരെ പുത്തൻകാവ് എസ്.ബി.എസ് ക്യാമ്പ് സെന്ററിൽ വച്ച് വിപുലമായ പരിപാടികളോടു കൂടി നടത്തപ്പെടുന്നതാണ്. ക്യാമ്പ് തീം: 'From World to God' Rom.12:2 എന്നതാണ്. കുട്ടികൾക്കും മാതാപിതാക്കൾക്കും പ്രയോജനപ്പെടുന്ന നിലയിൽ ഈ കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ചുള്ള പ്രത്യേക പരിപാടികളാണ് ക്രമീകരിച്ചിരിക്കുന്നത്. വിപുലമായ ഗായകസംഘം ഗാനപരിശീലനത്തിന് നേതൃത്വം നൽകും. പകൽ സമയം കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക ക്ലാസ്സുകളും വേദമൽസരങ്ങളും നടത്തപ്പെടും. എല്ലാ ദിവസവും വൈകിട്ട് വ്യത്യസ്തതയാർന്ന പരിപാടികൾ നടക്കും. മിഷനറിസമ്മേളനം, ജീവിക്കുന്ന സാക്ഷികൾ, നമ്മുടെയിടയിലെ ഉന്നതരായ പ്രൊഫഷണൽസുമായുള്ള അഭിമുഖം, എസ്.ബി.എസ് പ്രാരംഭ കാല പ്രവർത്തകരെ പരിചയപ്പെടുത്തൽ, ചാൾസ് ജോണുമായുള്ള അഭിമുഖവും, അദ്ദേഹത്തിന്റെ ഗാനങ്ങളുടെ പശ്ചാത്തലം വിവരിച്ചുകൊണ്ട് കുട്ടികളുടെ ഗായകസംഘം ഗാനങ്ങൾ ആലപിക്കുന്നു. ഫാമിലി ഫോക്കസ് എന്ന പ്രോഗ്രാമിൽ "മാതാപിതാക്കൾക്കൊരു കൗൺസിലിംഗ്" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രത്യേക പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നു. 5 വയസ്സുമുതൽ 17 വയസ്സു വരെയുള്ള കുട്ടികൾക്ക് ക്യാമ്പിൽ പ്രവേശനം നൽകുന്നതാണ്. കന്യാകുമാരി മുതൽ കാസർഗോഡ് വരെയുള്ള ബ്രദറൺ സഭകളിലെ കുട്ടികൾക്ക് ഒന്നിച്ചു കൂടുവാനും ആത്മീയ കൂട്ടായ്മ അനുഭവിക്കുവാനും, ദൈവവചപഠനം നടത്തുവാനും ലഭിക്കുന്ന അസുലഭ സന്ദർഭം. ഭാരതത്തിൽ നിന്നും വിദേശത്തും നിന്നുമുള്ള പ്രഗത്ഭരായ കർത്ത്യദാസൻമാർ ക്ലാസ്സുകളെടുക്കുന്നു. ഉത്തരവാദിത്തമുള്ള സഹോദരി സഹോദരൻമാരുടെ മേൽനോട്ടത്തിൽ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും താമസസൗകര്യം. ഈ ആത്മീയ മഹാസമ്മേളനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സെന്റർ സെക്രട്ടറിമാരുമായി ബന്ധപ്പെടുക. ഈ ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക, പങ്കെടുക്കാൻ ഒരുങ്ങുക. കൂടുതൽ വിവരങ്ങൾക്ക് ബിനു സാമുവേൽ: 9544374527

## ഫാമിലി ഫോക്കസ് – സെപ്റ്റംബർ 14 ബുധൻ രാവിലെ 9:30 മുതൽ

ബാലസംഘം ഒരു വലിയ കുടുംബമാണ്. മാതാപിതാക്കന്മാരും മക്കളുമാണ് അതിലെ പ്രധാന അംഗങ്ങൾ. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക എന്ന പ്രമാണത്തിന്റെ പ്രസക്തി ഏറ്റവും വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടമാണ് ഇത്. സമൂഹവും വിദ്യാഭ്യാസമേഖലയും മാധ്യമങ്ങളും മയക്കുമരുന്നും മദ്യവും മ്ലേഛതയും എല്ലാം കൂടി ഇന്നത്തെ സമൂഹത്തെ അരക്ഷിതാവസ്ഥയിലേക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് ഏറ്റവും ഉണർന്ന് പ്രവർത്തിക്കേണ്ടത് മാതാപിതാക്കളാണ്. കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി കുടുംബജീവിതം, ഭാര്യാഭർത്താക്കന്മാരുടെ ഉത്തരവാദിത്വങ്ങൾ, മക്കളെ വളർത്തുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രത്യേക പരിപാടിയാണ് ജനറൽ ക്യാമ്പിൽ സംഘടിപ്പിക്കുന്ന 'ഫാമിലി ഫോക്കസ് ' കൗൺസിലിംഗ്, സൈക്കോളജി രംഗത്ത് ഉന്നത പരിശീലനം ലഭിച്ചവർ ഈ പരിപാടിയിൽ ക്ലാസ്സുകൾ നയിക്കുന്നതും സംശയങ്ങൾക്ക് മറുപടി നൽകുന്നതുമാണ്. മക്കളെ നന്നായി വളർത്തണം എന്നാഗ്രഹിക്കുന്നവർ ഈ പരിപാടിയിൽ പങ്കെടുക്കുവാൻ സമയം കണ്ടെത്തുക.

## സി. ജെ നൈറ്റ് – സെപ്റ്റംബർ 14 ന് വൈകിട്ട് 6.00 മണിക്ക്

ക്രൈസ്തവ ഗാനരചനാരംഗത്ത് സ്തുത്യർഹമായ സംഭാവനകൾ കാഴ്ചവെച്ച നിരവധി പേർ ബാലസംഘത്തിന്റെ സജീവപ്രവർത്തകരാണ്. ബാലസംഘം രക്ഷാധികാരി എം.ഇ.സി, മുൻപ്രസിഡന്റ് റ്റി.കെ സാമുവൽ തുടങ്ങിയവർ ഈ രംഗത്തെ ശ്രദ്ധേയസാന്നിദ്ധ്യമായിരുന്നു. ഇന്നും പാട്ടുകൾ എഴുതുകയും പഠിപ്പിക്കുകയും ചെയ്യുന്ന നിരവധിപേർ ഉണ്ട്. ബാല്യകാലം മുതൽ ബാലസംഘത്തിന്റെ സജീവ അംഗമായ ചാൾസ് ജോണിന്റെ ഗാനങ്ങൾ മികവുറ്റതാണ്. ബാലസംഘം പ്രവർത്തനങ്ങളിൽ വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ബ്രദർ ചാൾസ് ജോൺ ക്രൈസ്തവ ലോകത്തിന് സുപരിചിതനാണ്. ഓരോ ഗാനങ്ങളും പിറവിയെടുത്തപ്പോൾ അതിന് പിന്നിൽ ആവേശം പകരുന്ന ഒരു ചരിത്രമുണ്ട്. ജനറൽ ക്യാമ്പിൽ സംഘടിപ്പിക്കുന്ന 'സി.ജെ നൈറ്റിൽ' ചാൾസ് ജോൺ തന്റെ ഗാനങ്ങളുടെ ചരിത്രം അനാവരണം ചെയ്യുന്നു. തന്റെ തെരെഞ്ഞെടുക്കപ്പെട്ട ഗാനങ്ങൾ ഈ സംഗീത സന്ധ്യയിൽ എസ്.ബി.എസ് ക്വയർ ആലപിക്കുന്നതാണ്. ക്യാമ്പംഗങ്ങൾക്ക് ചാൾസ് ജോണുമായി നേരിട്ട് ഗാനത്തിന്റെ പശ്ചാത്തലം ചോദിക്കുവാൻ അവസരം ഒരുക്കുന്നു.

## ക്യാമ്പിന്റെ സാമ്പത്തികം

ബാലസംഘപ്രവർത്തനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെട്ടുകൊണ്ടിരിക്കുന്നത് ദൈവജനത്തിന്റേയും സ്ഥലം സഭകളുടേയും നിർലോഭമായ സഹകരണത്തോടെയാണ്. നമ്മുടെ ഇളംതലമുറയുടെ ഭാവിയെകരുതി അവർക്ക് വേണ്ടി ഒരുക്കുന്ന ഈ ക്യാമ്പിന്റെ സാമ്പത്തിക ആവശ്യങ്ങളിൽ ദൈവജനത്തിന്റെ പ്രാർത്ഥനയും സാമ്പത്തിക സഹായങ്ങളും അഭ്യർത്ഥിക്കുന്നു.

സംഭാവനകൾ അയക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു., Mr. Johnson K. M, Kappamammoottil (H), Kandanperoor, Kottanad P.O, Tiruvalla 689615, Mob: 09447363991

Suviseshakan Bala Sangham- Bank: Indian Overseas Bank, Br. Puthencaavu, A/c No. 14880100005700, IFSC - IOBA0001488

## മിഷൻ നൈറ്റ്

### സെപ്റ്റംബർ 13, ചൊവ്വ വൈകിട്ട് 6മണിക്ക്

ലോകമെങ്ങും സുവിശേഷം എത്തിക്കുവാനുള്ള ദൗത്യമാണ് കർത്താവ് നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നത്. ഈ ദൗത്യവുമായി മിഷണറിമാർ സ്വദേശത്തും വിദേശത്തും സുവിശേഷം എത്തിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിലെ മിഷണറി പ്രവർത്തനങ്ങളിൽ സ്വദേശിയരും വിദേശിയരും നല്കിയ സേവനങ്ങൾ പ്രശംസനീയമാണ്. എസ്. ബി. എസ് സ്ഥാപകനായ എം. ഇ. സിയാണ് നമ്മുടെ മദ്ധ്യത്തിൽ നിന്നും സുവിശേഷവുമായി സഹ്യാദ്രിക്കപ്പുറത്തേക്ക് പോയ ആദ്യ മിഷണറി. ജനറൽ ക്യാമ്പിൽ സംഘടിപ്പിക്കുന്ന 'മിഷൻ നൈറ്റിൽ' മിഷണറിമാർ അനുഭവകഥകൾ പങ്കുവെയ്ക്കുന്നതാണ്. ആറ് പതിറ്റാണ്ടുമുമ്പ് ന്യൂസിലന്റിൽ നിന്നും കേരളത്തിലെ തൃശൂരിലെത്തിയ മിഷണറി വനിതയാണ് 'മമ്മി'യെന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന മിസ് ഫിലിസ് ട്രഷർ. രഹബോത്തിന്റെ അമരക്കാരിയായ മമ്മിയും സഹപ്രവർത്തകയായ മിസ് സാറാ സിംസൺ (ന്യൂസിലാന്റ്) എന്നിവർ ഈ ക്യാമ്പിൽ വിശിഷ്ടാതിഥികളാണ്. ഒപ്പം ഇന്ത്യയെ സ്നേഹിക്കുന്ന മി. ദാനീയേൽ ജെ മേൺസും ഭാര്യ ഷാർലെറ്റും (യു.എസ്.എ) ഈ ക്യാമ്പിൽ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു. ക്യാമ്പംഗങ്ങൾക്ക് മിഷണറി പ്രവർത്തനങ്ങളെക്കുറിച്ച് നേരിട്ട് ചോദിച്ചറിയുവാനുള്ള സുവർണ്ണാവസരം പ്രയോജനപ്പെടുത്തുക.

## മീറ്റ് ദി പ്രൊഫഷണൽസ്

### സെപ്റ്റംബർ 13, ചൊവ്വ വൈകിട്ട് 7മണിക്ക്

ബാലസംഘം പ്രവർത്തനങ്ങളിലൂടെ ജീവിതത്തിൽ മുന്നേറിയ നിരവധി ദൈവമക്കൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഓരോരുത്തരും തങ്ങളുടെ ജീവിതത്തിൽ നേടിയ അനുഭവങ്ങൾ നിരവധിയാണ്. ആത്മീക നേതൃത്വത്തിലും സഭാശുശ്രൂഷകളിലും ഔദ്യോഗികരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച നിരവധിപേർ ഈ ജനറൽ ക്യാമ്പിൽ സംബന്ധിക്കുന്നതും അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതുമാണ്. അവരുമായി ആശയവിനിമയം നടത്തുവാനുമുള്ള അവസരം ഈ ക്യാമ്പിൽ ഒരുക്കുന്നു.

## കുമ്പനാട് സെന്ററിന് പുതിയ ഭാരവാഹികൾ

**കുമ്പനാട്:** എസ്.ബി.എസ് കുമ്പനാട് സെന്ററിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് - സി.സി സാമുവേൽ (കോയിപ്രം), വൈസ് പ്രസിഡന്റ് - രാജൻ വി തോമസ് (കോഴഞ്ചേരി), സെക്രട്ടറി - തോമസ് മാത്യു (പുല്ലാട്), ജോ. സെക്രട്ടറി - സ്റ്റീഫൻ സാം (പുല്ലാട്), ട്രഷറാർ - പി.റ്റി. തോമസ് ( മല്ലപ്പള്ളി), ഓർഗനൈസർ- അലക്സാണ്ടർ ഏബ്രഹാം (എരുമക്കാട്). സെന്ററിന്റെ പ്രവർത്തനങ്ങളെ തുടർന്നും പ്രാർത്ഥനയിൽ ഓർത്താലും. സെന്റർ സെക്രട്ടറി - തോമസ് മാത്യു. ഫോൺ - 9947739089

# സ്പെഷ്യൽക്യാമ്പ് സമാപിച്ചു

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘത്തിന്റെ ചുമതലയിൽ വിദേശ രാജ്യങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്കും മാതാപിതാക്കൾക്കും വേണ്ടിയുള്ള സ്പെഷ്യൽ ക്യാമ്പ് 2016 ജൂലൈ 13 മുതൽ 16 വരെ പുത്തൻകാവ് എസ്.ബി.എസ് ക്യാമ്പ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. യു.എസ്.എ, കുവൈറ്റ്, ഷാർജ്ജ, ദുബായ്, വെസ്റ്റ് ആഫ്രിക്ക, സൗദി അറേബ്യേ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തു.13 ന് വൈകിട്ട് നടന്ന പ്രാരംഭ സമ്മേളനത്തിൽ എസ്.ബി.എസ് ക്യാമ്പ് ട്രസ്റ്റിന്റെ സെക്രട്ടറി രാജു കെ തോമസ് അദ്ധ്യക്ഷത വഹിച്ചു. എസ്.ബി.എസ് പ്രസിഡന്റ് ബ്ര. ഏബ്രഹാം തോമസ് (കൊച്ചി) സ്വാഗതപ്രസംഗം നടത്തി. ബ്ര. കെ.എ ഫിലിപ്പ് (മൈലപ്രാ) ക്യാമ്പ് ഉത്ഘാടനം ചെയ്തു. ബ്ര. സണ്ണി റ്റി ഫിലിപ്പ് മുഖ്യ സന്ദേശം നൽകി. ക്രിസ്തീയദർശനം ചീഫ് എഡിറ്റർ ബ്ര. സി.റ്റി ജോണിക്കുട്ടി, ഡോ. ജോൺസൺ സി ഫിലിപ്പ് എന്നിവർ ആശംസാ സന്ദേശങ്ങൾ നൽകി. എസ്.ബി.എസ് ജോ. സെക്രട്ടറി ഗോഡ്സൺ വാലയിൽ നന്ദി പറഞ്ഞു. ബ്ര. ചാൾസ് ജോൺ പ്രാർത്ഥിച്ച് അവസാനിപ്പിച്ചു. കുട്ടികളുടെ വിവിധ പരിപാടികൾ സമ്മേളനത്തിന് കൊഴുപ്പേകി. വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ കുട്ടികൾക്കും മാതാപിതാക്കൾക്കും ആത്മീയ കൂട്ടായ്മ പങ്കിടുന്ന ഒരു സമ്മേളനമായിരുന്നു ഇത്. സഹോദരൻമാരായ ജോസ് മാത്യൂസ്, ജോയി ജോൺ, ഡോ. ജോൺ ഏബ്രഹാം, ധർമ്മരാജ്, ഡോ. ജോൺസൺ സി ഫിലിപ്പ്, സിബി വിശ്വനാഥൻ, ഗോഡ്സൺ വാലയിൽ, ഏബ്രഹാം തോമസ് (കൊച്ചി), ബിനു സാമുവേൽ, വർക്കി ജോർജ്ജ്, ജോളി കെ.ജി, ഐ. സുന്ദർദാസ്, കെ.എം ജോൺസൺ, ഷാജി കെ മാമ്മൻ, തോമസ് മാത്യു, ജിജോ സി. ജോർജ്ജ് തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. സമാപന സമ്മേളനത്തിൽ ഏബ്രഹാം തോമസ് (കൊച്ചി) അദ്ധ്യക്ഷനായിരുന്നു. അലക്സ് മേൽപ്പാടം സ്വാഗതപ്രസംഗം നടത്തി. ബ്ര.ജോയി ജോൺ മുഖ്യ സന്ദേശം നൽകി. എസ്.ബി.എസ് ട്രസ്റ്റ് പ്രസിഡന്റ് ബ്ര. തോമസ് ചാണ്ടി ആശംസാ പ്രസംഗം നടത്തി. മനോജ് ഐസക് (വെസ്റ്റ് ആഫ്രിക്ക), ജോയ്‌ലിൻ ജെസ് തോമസ് (ഷാർജ), രൂബിൻ ദാനിയേൽ രാജു ( കെ.എസ്.എ) എന്നിവർ ക്യാമ്പ് റിഫ്ളക്ഷൻ നടത്തി. വേദമൽസരങ്ങളിൽ വിജയികളായവർക്ക് സി.എം വർഗീസ്, സി.എം ചാക്കോ, ഐ സുന്ദർദാസ് എന്നിവർ സമ്മാനദാനം നടത്തി. ജന.സെക്രട്ടറി ബിനു സാമുവേൽ നന്ദി പറഞ്ഞു. ഡോ. ജോൺസൺ സി ഫിലിപ്പ് പ്രാർത്ഥിച്ച് ഈ വർഷത്തെ സ്പെഷ്യൽ ക്യാമ്പ് സമാപിച്ചു.

SUVISESHAKAN BALA SANGHAM

SINCE 1953

# എസ്.ബി.എസ്

# ജനറൽ ക്യാമ്പ് 2016

**പുത്തൻകാവ് എസ്.ബി.എസ് ക്യാമ്പ് സെന്റർ**

**2016 സെപ്റ്റംബർ 12 തിങ്കൾ വൈകിട്ട് 4 മണി മുതൽ**
**16 വെള്ളി രാവിലെ 8 മണി വരെ**

ക്യാമ്പ് തീം

## FROM WORLD TO GOD

Bible Exploration | Activity Time | Route Discovery | Hymns & Chorus | And More...

**C J NIGHT**

AN EVENING WITH
CHARLES JOHN

MEET THE PROFESSIONALS
TIME TO MEET OUR SENIORS

Misson Night
Live Testimonies

Focus Family
A SPECIAL PROGRAM FOR PARENTS

5 മുതൽ 17 വയസ്സുവരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം

RNI : KERMAL/2009/35569, Postal Reg.No: KL/TLA/233/2014-16
Printed, Published & Owned by Alex Thomas (Phone: 09447440321)

Printed at Bethesda Printers Pvt.Ltd., Cochin, Kerala
Published at SBS Camp Centre, Puthenkavu P.O., Chengannur, Alappuzha Dist, Kerala, Editor: Dr. Johnson C.Philip, Kochi

₹ 10 Published on 24/07/2016

Posted on 25/07/2016
POSTED AT RMS TIRUVALLA



കുട്ടികളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചു വരുന്ന
ഈ സാഹചര്യത്തിൽ അവരുടെ മോചനത്തിനായി പ്രാർത്ഥിക്കാം.

ലിറ്റിൽ കിംഗ്ഡം
മാസികയുടെ
വിവരങ്ങൾക്കായി ബന്ധപ്പെടുക.

Johnson Madappally
Madappallil (H), Aasanpady'
Kizhakkambalam P.O,
Ernakulam (Dt)
Mob: 09895727190

നിങ്ങളുടെ പ്രശ്നങ്ങളിൽ
24മണിക്കൂറും പ്രവർത്തിക്കുന്ന
ഹെൽപ്പ് ലൈൻ
പ്രയോജനപ്പെടുത്തുക.
വിളിക്കേണ്ട നമ്പറുകൾ

09446554645
09995198690
09447359183
09443308014

SBS
HELPLINE
24 Hours